ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 64
No.: 1
JANUARY 2021



www.ernakulamarchdiocese.org



ERNAKULAM-ANGAMALY MAJOR ARCHEPARCHIAL
എറണാകുളം മിസ്സം BULLETIN

# വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | ലോകസമാധാന ദിനാചരണം |
| 18. | സീറോമലബാർ പ്രേഷിതവാരം |
| 22. | സർക്കുലർ - യൗസേപ്പിതാവിന്റെ വർഷം - 2021 |
| 22. | സർക്കുലർ - കർഷകദിനം |
| 31. | Engagements |
| 34. | കച്ചേരിക്കാര്യം |
| 40. | നിര്യാതരായി |
| 41. | വാർത്തകളും വിശേഷങ്ങളും |
| 43. | Department of Catechesis |
| 47. | Department of Family Apostolate |
| 48. | അതിരൂപതാ കെ.സി.വൈ.എം. |
| 49. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 51. | Department of Bible Apostolate |
| 53. | അതിരൂപതാ ഡയറി |


**Editor: Rev. Fr. Varghese Perumayan**

Volume : **64**
Issue No. : **1**
Month : **January 2021**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam,
Major Archbishop's House, Ernakulam,
P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings,
Lisie Hospital Road, Ernakulam,
Kochi 682018.
Published from Major Archbishop's House,
Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| *Msgr. Mankuzhikary Mathew, Kokkamangalam* | *1909* | *1934* | *2-1-2003* |
| Fr. Parakkal Scaria, Kanjoor | 1881 | 1901 | 4-1-1965 |
| Fr. Thayamkery Joseph, Edappally | 1905 | 1933 | 4-1-1986 |
| Fr. Kottackal George, Angamaly | 1930 | 1955 | 5-1-2006 |
| Fr. Pallippadan Joseph, Thirumudikunnu | 1939 | 1967 | 5-1-2020 |
| Fr. Mundadan Jose, Josepuram | 1960 | 1984 | 6-1-2020 |
| Fr. Vattoly Leon TOCD, Kadukutty | 1856 | 1883 | 7-1-1911 |
| Fr. Chakiath Scaria, Thycattussery | 1876 | 1895 | 7-1-1955 |
| Fr. Vattamkandathil George, Vadayar | 1891 | 1924 | 7-1-1967 |
| *Mar Augustine Kandathil, Chempu* | *1874* | *1901* | *10-1-1956* |
| Fr. Thekkinen Joseph, Manjapra | 1928 | 1956 | 11-1-1991 |
| Fr. Narayamparambil John, Thuravoor S. | 1924 | 1950 | 11-1-1997 |
| Fr. Panikkassery John, Panavally | 1888 | 1913 | 13-1-1953 |
| Fr. Mundadan Thariaku, Angamaly | 1868 | 1894 | 16-1-1950 |
| Fr. Chirackal Isaac, Muttom | 1895 | 1922 | 17-1-1962 |
| Fr. Painadeth Kochouseph, Karukutty | 1881 | 1910 | 19-1-1947 |
| Fr. Sankoorikal Elias TOCD, Narakkal | 1851 | 1876 | 21-1-1900 |
| Fr. Thayamkery Jacob, Kumbalam | 1878 | 1913 | 21-1-1944 |
| Fr. Puthenveliyil Jacob, Pallippuram | 1914 | 1948 | 23-1-2012 |
| Fr. Panjikaren Kuriakose, Muttom | 1864 | 1895 | 24-1-1940 |
| *Msgr. Chiramel Kuriakose, Kadukutty* | *1906* | *1936* | *24-1-1986* |
| Fr. Vadassery Paul, Palluruthy | 1900 | 1929 | 25-1-1978 |
| Fr. Edathichira Thomas, Chalil | 1922 | 1949 | 25-1-2000 |
| Fr. Edathichira Joseph, Chalil | 1937 | 1962 | 28-1-2015 |
| Fr. Antony (Joy) Elamkuttichira | 1936 | 1966 | 29-1-2019 |
| Fr. Chiramel Varkey, Koratty (Meloor) | | | 30-1-1901 |
| *Msgr. Naduvathussery Jacob, Aluva* | *1883* | *1909* | *30-1-1967* |
| Fr. Kattuparambil Varghese, Kadavanthra | 1953 | 1978 | 30-1-2015 |
| *Msgr. Menachery George , Puthenpally* | *1894* | *1924* | *31-1-1969* |
| Fr. Menachery Thomas, Karumaloor | 1945 | 1971 | 31-1-2000 |

Ref: 3417/K-5/KCBC/OL/DS 29-12-2020

# 54-ാമത് ലോക സമാധാന ദിനാചരണം

**1 ജനുവരി 2021**

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

### 1. സംരക്ഷണ സംസ്കാരം സമാധാനത്തിലേക്കുള്ള പാതയെന്ന നിലയിൽ

പുതുവർഷത്തിന്റെ ഉദയത്തിൽ സ്റ്റേറ്റുകളുടെയും ഗവർമെന്റുകളുടെയും തലവന്മാർക്കും അന്താരാഷ്ട്ര സംഘടനകളുടെ നേതാക്കൾക്കും ആധ്യാത്മിക നേതാക്കൾക്കും വിവിധമതങ്ങളുടെ അനുയായികൾക്കും സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാർക്കും ഞാൻ ഹൃദയംഗമമായ ആശംസ നേരുന്നു. വ്യക്തികളും സമൂഹങ്ങളും ജനതകളും രാഷ്ട്രങ്ങളും തമ്മിലുള്ള സാഹോദര്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും പാതയിലൂടെ മുന്നേറാൻ മനുഷ്യവംശത്തെ സമാഗതമാകുന്ന വർഷം ശക്തിപ്പെടുത്തട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

കോവിഡ്-19 മൂലമുണ്ടായ വ്യാപകമായ ആരോഗ്യപ്രശ്നത്താൽ മുദ്രിതമായിരുന്നു 2020-ാം വർഷം. ആ രോഗം ആഗോള വ്യാപകമായ ഒരു പ്രതിഭാസമായിത്തീർന്നു. അത് അതിർത്തികളെ മുറിച്ചു കടന്നു. കാലാവസ്ഥ, ഭക്ഷണം, സാമ്പത്തികത, കുടിയേറ്റം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ അഗാധമായ തോതിൽ അതു വർധിപ്പിച്ചു. വലിയ പീഡനത്തിനും പ്രയാസത്തിനും അതു കാരണമായി. കുടുംബാംഗങ്ങളെയും സ്നേഹിതരെയും നഷ്ടപ്പെട്ടവരെയും ജോലി നഷ്ടപ്പെട്ട സകലരെയും ഞാൻ പ്രത്യേകമായി അനുസ്മരിക്കുന്നു. ഡോക്ടർമാർ, നേഴ്സുമാർ, മരുന്നുവ്യാപാരികൾ, ഗവേഷകർ, വോളന്റീയർമാർ, ചാപ്ലെയിൻമാർ, ആശുപത്രികളുടെയും ആരോഗ്യപരിപാലനകേന്ദ്രങ്ങളുടെയും ജോലിക്കാർ എന്നിവരെക്കുറിച്ചു കൂടി ഞാൻ ചിന്തിക്കുന്നു. അവർ രോഗികളെ ശുശ്രൂഷിക്കാനും അവരുടെ വേദനകൾ കുറയ്ക്കാനും ജീവൻ രക്ഷിക്കാനും വലിയ ത്യാഗം സഹിച്ചു. ഇപ്പോഴും അവർ സേവനം തുടർന്നുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ അവരിൽ അനേകർ ഈ

പ്രവർത്തനത്തിൽ മരിച്ചു. ഞാൻ അവരെ ആദരിക്കുന്നു. രാഷ്ട്രീയ നേതാക്കന്മാരോടും സ്വകാര്യ സെക്റ്ററിലുള്ളവരോടുമുള്ള എന്റെ അഭ്യർത്ഥന ഞാൻ പുതുക്കുന്നു. കോവിഡ്-19 നുള്ള വാക്സിന്റെ ലഭ്യത ഉറപ്പുവരുത്താനും, രോഗീശുശ്രൂഷയ്ക്കുവേണ്ട സത്താപരമായ സാങ്കേതിക വിദ്യകൾ ഉറപ്പുവരുത്താനും, ദരിദ്രർക്കും ഏറ്റവും മുറിവേല്ക്കപ്പെടാവുന്നവർക്കും അവ ലഭ്യമാക്കാനുമുള്ള അഭ്യർത്ഥന യാണു ഞാൻ പുതുക്കുന്നത്.

ഒരു കാര്യം ഞാൻ ദുഃഖത്തോടു പറയുന്നു. അതായത്, സ്നേഹത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ധാരാളം സാക്ഷ്യങ്ങൾ ഉള്ളപ്പോഴും ദേശീയതാവാദത്തിന്റെ വിവിധ രൂപങ്ങളും വംശാധിപത്യവാദവും വെറുപ്പും യുദ്ധങ്ങളും സംഘട്ടനങ്ങളും വർധിക്കുന്നതായി നാം കണ്ടു. അവയെല്ലാം മരണവും നാശവും മാത്രം അവയുടെ വഴിയിൽ കൊണ്ടുവരുന്നവയാണ്.

ഇക്കഴിഞ്ഞവർഷം മനുഷ്യവംശത്തിന്റെ പാതയിലുണ്ടായ ഈ സംഭവങ്ങളും ഇതുപോലെയുള്ള മറ്റു സംഭവങ്ങളും ഒരു വ്സുതത നമ്മെ പഠിപ്പിച്ചു: അതായത്, കൂടുതൽ സഹോദരപരമായ സമൂഹത്തെ സൃഷ്ടിക്കാനുള്ള നമ്മുടെ പരിശ്രമത്തിൽ പരസ്പരം സംരക്ഷിക്കുകയും സൃഷ്ടിയെ സംരക്ഷിക്കുകയും ചെയ്യുകയെന്നത് എത്ര പ്രധാനപ്പെട്ട കാര്യമാണെന്ന് നമ്മെ പഠിപ്പിച്ചു. അതുകൊണ്ടാണ് ഈ വർഷത്തെ സന്ദേശത്തിനായി "സംരക്ഷണ സംസ്കാരം സമാധാനത്തിലേക്കുള്ള പാത" എന്ന ശീർഷകം ഞാൻ തിരഞ്ഞെടുത്തത്. നമ്മുടെ കാലഘട്ടത്തിൽ വളരെ പ്രബലപ്പെട്ടിരിക്കുന്ന നിസ്സംഗതയുടെയും പാഴാക്കലിന്റെയും ഏറ്റുമുട്ടലിന്റെയും സംസ്കാരത്തോടു മത്സരിക്കാനുള്ള മാർഗമാണ് "സംരക്ഷണത്തിന്റെ സംസ്കാരം."

## 2. സ്രഷ്ടാവായ ദൈവം, സംരക്ഷിക്കാനുള്ള നമ്മുടെ മാനുഷിക വിളിയുടെ ഉറവിടം

മനുഷ്യജീവികളുടെ ഉത്പത്തിയെയും സ്രഷ്ടാവിനോടും പ്രപഞ്ചത്തോടും സഹജീവകളായ സ്ത്രീപുരുഷന്മാരോടുമുള്ള ബന്ധത്തെയും സംബന്ധിച്ച വിവരങ്ങൾ അനേകം മതപാരമ്പര്യങ്ങൾക്കുമുണ്ട്. മനുഷ്യവംശത്തിനായുള്ള ദൈവത്തിന്റെ പരിപാലനയുടെ അഥവാ സംരക്ഷണപദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റി ബൈബിളിലെ ഉത്പത്തിപ്പുസ്തകത്തിന്റെ ആദ്യത്തെ പേജുകൾ മുതൽ വ്യക്തമായി കാണി

ക്കുന്നുണ്ട്. മനുഷ്യനും (ആദം) ഭൂമിയും (ആദാമാ) തമ്മിലുള്ള ബന്ധവും സഹോദരീസഹോദരന്മാരെന്ന നിലയിൽ നമ്മൾ തമ്മിലുള്ള ബന്ധവും അത് ഉയർത്തിക്കാണിക്കുന്നുണ്ട്. സൃഷ്ടിയെ സംബന്ധിച്ച വിവരണത്തിൽ "ഏദനിൽ നട്ടുപിടിപ്പിച്ച" പൂന്തോട്ടത്തെ (cf. ഉത്പ. 2:8) ദൈവം മനുഷ്യനെ ഏല്പിച്ചു എന്നു പറയുന്നു. എന്നാൽ, അത് "ഉഴുതുസംരക്ഷിക്കാൻ" വേണ്ടിയാണ് ഏല്പിച്ചത് (ഉത്പ 2:15). ഇത് ഭൂമിയെ ഉത്പാദനക്ഷമമാക്കുന്നു. അതിനെ സംരക്ഷിക്കുകയും ജീവനെ പിന്താങ്ങാനുള്ള അതിന്റെ കഴിവിനെ സംരക്ഷിക്കുകയും ചെയ്യുകയെന്നത് ഇതിൽ ഉൾപ്പെടുന്ന കാര്യങ്ങളാണ്. "ഉഴുകുക." "സൂക്ഷിക്കുക" എന്നീ ക്രിയകൾ ആദത്തിന് പൂന്തോട്ടമാകുന്ന തന്റെ ഭവനത്തോടുള്ള ബന്ധം വിവരിക്കുന്നു. മാത്രമല്ല, ആദത്തെ സർവ സൃഷ്ടിയുടെയും യജമാനനും പരിപാലനനുമായി നിയമിച്ചുകൊണ്ട് അയാളിൽ ദൈവം അർപ്പിച്ച വിശ്വാസത്തെയും വിവരിക്കുന്നു.

കായേന്റെയും ആബേലിന്റെയും ജനനത്തോടെ സഹോദരീസഹോദരന്മാരുടെ ചരിത്രം തുടങ്ങുന്നു. അവർ തമ്മിലുള്ള ബന്ധം മനസ്സിലാക്കപ്പെടുന്നത് - കായേൽ തെറ്റിധരിച്ചെങ്കിലും - സംരക്ഷണത്തിന്റെ അഥവാ സൂക്ഷിക്കലിന്റെ ഭാഷയിലാണ്. കായേൻ നമ്മൾ എല്ലാവരും എന്നപോലെ "അവന്റെ സഹോദരന്റെ കാവൽക്കാരൻ" എന്നു വിളിക്കപ്പെട്ടു. "പ്രതിരൂപാത്മകത നിറഞ്ഞ ഈ പ്രാചീനകഥകൾ നമ്മൾ എല്ലാവരും പങ്കുവയ്ക്കുന്ന ഒരു ഉത്തമബോധ്യത്തിന് സാക്ഷ്യം വഹിക്കുന്നു. ആ ബോധ്യം ഇതാണ്: എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതത്തെയും പ്രകൃതിയോടുള്ള നമ്മുടെ ബന്ധത്തെയും കുറിച്ചുള്ള യഥാർത്ഥമായ ശ്രദ്ധയെ സാഹോദര്യം, നീതി, മറ്റുള്ളവരോടുള്ള വിശ്വസ്തത എന്നിവയിൽ നിന്നു വേർതിരിക്കാൻ സാധ്യമല്ല."

### 3. സ്രഷ്ടാവായ ദൈവം, സംരക്ഷണത്തിന്റെ മാതൃക

വിശുദ്ധ ലിഖിതം ദൈവത്തെ അവതരിപ്പിക്കുന്നത് സ്രഷ്ടാവായിട്ടു മാത്രമല്ല പിന്നെയോ തന്റെ സൃഷ്ടികളെ, പ്രത്യേകിച്ച്, ആദം, ഹവ്വാ അവരുടെ മക്കൾ എന്നിവരെ, കാത്തുപാലിക്കുന്നവനായിട്ടാണ്. കായേൻ കുറ്റകൃത്യംകൊണ്ട് ശപിക്കപ്പെട്ടവനായി. എന്നാലും സ്രഷ്ടാവ് അവന് സംരക്ഷണത്തിനുള്ള ഒരു അടയാളം നല്കി, അവന്റെ ജീവൻ രക്ഷിക്കാൻ (cf. ഉത്പ 4:15). ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട വ്യക്തിയുടെ അലംഘനീയ

മായ മഹത്ത്വത്തെ ഇത് ഉറപ്പിച്ചു പറയുന്നു. കൂടാതെ, തന്റെ സൃഷ്ടിയുടെ സമന്വയത്തെ സംരക്ഷിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഒരു അടയാളം കൂടിയാണത്. കാരണം, "സമാധാനത്തിനും അക്രമത്തിനും ഒന്നിച്ച് വസിക്കാൻ സാധ്യമല്ല."

സാബത്ത് സ്ഥാപിച്ചതിന്റെ അടിസ്ഥാന കാരണം സൃഷ്ടി സംരക്ഷണമായിരുന്നു. ദൈവാരാധനയ്ക്കു പുറമേ സാമൂഹിക ക്രമത്തിന്റെ പുനഃസ്ഥാപനത്തിന് ദരിദ്ര സംരക്ഷണത്തിനും വേണ്ടിയുള്ളതായിരുന്നു സാബത്ത് (cf. ഉത് 1:1-3; ലേവാ 25:4). ഓരോ ഏഴാം സാബത്തുവർഷവും ജൂബിലി ആഘോഷിച്ചിരുന്നു. അത് ഭൂമിക്കും അടിമകൾക്കും കടക്കാർക്കും താത്കാലിക വിശ്രമം നല്കിയിരുന്നു. കൃപാവരത്തിന്റെ ആ വർഷത്തിൽ ഏറ്റവും കൂടുതൽ ആവശ്യത്തിൽ പെട്ടവരെ സംരക്ഷിക്കുകയും അവർക്ക് ജീവിതത്തിൽ ഒരു പുതിയ അവസരം നല്കുകയും ചെയ്തിരുന്നു. ജനതയിൽ ദരിദ്രർ ഉണ്ടാകാതിരിക്കാൻവേണ്ടിയായിരുന്നു അത് (cf. നിയമാ 15:4).

പ്രവാചക പാരമ്പര്യത്തിൽ, നീതിയെക്കുറിച്ചുള്ള ബൈബിൾപരമായ ധാരണ ഏറ്റവും ഉയർന്ന തോതിൽ പ്രകാശിപ്പിക്കപ്പെട്ടത് ഒരു സമൂഹം അതിന്റെ ഏറ്റവും ദുർബലരായ അംഗങ്ങളോടു പെരുമാറുന്ന രീതിയിലാണ്. പ്രത്യേകിച്ച് ആമോസും (cf. 2:6-8;8) ഏശയ്യയും (cf. 58) ദരിദ്രരോടു നീതി കാണിക്കാൻ കർശനമായി ആവശ്യപ്പെടുന്നു. ദരിദ്രർ ദ്രോഹിക്കപ്പെടാവുന്നവരും അശക്തരുമാണ്. അവർ ദൈവത്തെ വിളിച്ചപേക്ഷിക്കുകയും അവരെ സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവം അവരെ കേൾക്കുകയും ചെയ്യുന്നു (cf.സങ്കീ 34:7;113:7-8).

## 4. സംരക്ഷണം യേശുവിന്റെ ശുശ്രൂഷയിൽ

യേശുവിന്റെ ജീവിതവും ശുശ്രൂഷയും മനുഷ്യവംശത്തോടുള്ള പിതാവിന്റെ സ്നേഹത്തെ ഏറ്റവും വലിയ തോതിൽ പ്രതിനിധീകരിക്കുന്നു (cf. യോഹ 3:16). താൻ പിതാവിനാൽ അഭിഷിക്തനാണെന്നും ദരിദ്രരെ സുവിശേഷം അറിയിക്കാനും ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും ( ലൂക്കാ 4:18) അയയ്ക്കപ്പെട്ടിരിക്കുന്നുവെന്നും നസ്രസിലെ സിനഗോഗിൽ വച്ച് യേശു പറഞ്ഞു. ജൂബിലി വർഷത്തോടു ബന്ധപ്പെട്ട മിശിഹാപരമായ ഈ പ്രവൃത്തികൾ അവിടന്നു പിതാവിൽ നിന്നു സ്വീകരിച്ച ദൗത്യത്തിന് സുശക്തമായ സാക്ഷ്യം നല്കുന്നു. ക്രിസ്തു

തന്റെ കാരുണ്യത്തിൽ ശരീരത്തിലും ആത്മാവിലും രോഗമുള്ളവരെ സമീപിക്കുകയും അവരെ സുഖപ്പെടുത്തുകയും ചെയ്തു. പാപികളോടു ക്ഷമിക്കുകയും അവർക്കു പുതിയ ജീവൻ നല്കുകയും ചെയ്തു. തന്റെ ആട്ടിൻകൂട്ടത്തെ പരിപാലിക്കുന്ന നല്ല ഇടയനാണ് യേശു (cf. യോഹ 10:11-18, എസ. 34:1-31). അവിടന്നു നല്ല സമറായനാണ്. മുറിപ്പെട്ട മനുഷ്യരെ സഹായിക്കാനും അയാളുടെ മുറിവുകൾ വച്ചുകെട്ടാനും അയാളെ സംരക്ഷിക്കാനുംവേണ്ടി നിന്ന നല്ല സമറായനാണ് (cf. ലൂക്കാ 10:30-37).

യേശു തന്റെ ദൗത്യത്തിന്റെ പരമകോടിയിൽ അവിടത്തേക്ക് നമ്മോടുള്ള ശ്രദ്ധയുടെ പരമമായ തെളിവു നല്കി. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്നും നമ്മെ സ്വതന്ത്രരാക്കാൻവേണ്ടി സ്വയം കുരിശിൽ സമർപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. തന്റെ ജീവനെ ബലിപരമായ ദാനമായി നല്കിക്കൊണ്ട് അവിടന്നു നമുക്കായി സ്നേഹത്തിന്റെ പാത തുറന്നു. നമ്മിൽ ഓരോരുത്തരോടും അവിടന്ന് പറയുന്നു: “എന്നെ അനുകരിച്ച്, പോയി ഇതുപോലെ ചെയ്യുക” (cf. ലൂക്കാ 10:37).

## 5. സംരക്ഷണ സംസ്കാരം. യേശുവിന്റെ അനുയായികളുടെ ജീവിതത്തിൽ

ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവൃത്തികൾ, ആദിമസഭ അഭ്യസിച്ചിരുന്നതുപോലെ, പരസ്നേഹത്തിന്റെ ഹൃദയമായിരുന്നു. ക്രിസ്ത്യാനികളുടെ ആദ്യത്തെ തലമുറ അവർക്കുള്ളതു പങ്കുവച്ചു. അതുകൊണ്ട് അവരിൽ ആരും ആവശ്യത്തിൽപ്പെട്ടിരുന്നില്ല (cf. അപ്പ. 4:34-35). അവർ തങ്ങളുടെ സമൂഹത്തെ സ്വാഗതം ചെയ്യുന്ന ഭവനമാക്കാൻ പരിശ്രമിച്ചു. ഓരോ മാനുഷികാവശ്യത്തെയും പരിഗണിക്കുന്ന, ഏറ്റവും കൂടുതൽ ആവശ്യമുള്ളവരെ സംരക്ഷിക്കാൻ സന്നദ്ധതയുള്ള ഭവനമാക്കാൻ ശ്രമിച്ചു. ദരിദ്രരെ തീറ്റിപ്പോറ്റാനും മൃതരെ സംസ്കരിക്കാനും അനാഥരെയും വാർധക്യത്തിലെത്തിയവരെയും കപ്പൽ അപകടം പോലുള്ള അപകടങ്ങളുടെ ഇരകളെയും പരിപാലിക്കാനും സ്വമനസാ ദാനം നല്കുകയെന്നത് പതിവായിത്തീർന്നു. പിൽക്കാലത്ത് ക്രിസ്ത്യാനികളുടെ ഔദാര്യത്തിന് ആദിമകാല തീക്ഷ്ണത നഷ്ടപ്പെട്ടു. അന്ന് ചില സഭാപിതാക്കന്മാർ ഊന്നിപ്പറഞ്ഞു, വസ്തുക്കൾ പൊതു ഉപയോഗത്തിനായിരിക്കണമെന്നാണ് ദൈവം ഉദ്ദേ

ശിച്ചിരിക്കുന്നതെന്ന്. വിശുദ്ധ അംബ്രോസിന്റെ അഭിപ്രായത്തിൽ "പ്രകൃതി എല്ലാവരുടെയും പൊതു ഉപയോഗത്തിനായി എല്ലാ വസ്തുക്കളെയും ചൊരിഞ്ഞു...അങ്ങനെ എല്ലാവർക്കുംവേണ്ടിയുള്ള പൊതുവായ അവകാശത്തെ ഉത്പാദിപ്പിച്ചു. പക്ഷേ, അത്യാഗ്രഹം അതിനെ കുറച്ചുപേരുടെ അവകാശമാക്കി മാറ്റി" ആദിമ നൂറ്റാണ്ടുകളിലെ മതപീഡനത്തിനുശേഷം സഭ പുതുതായി കണ്ട സ്വാതന്ത്ര്യത്തെ സമൂഹത്തെയും അതിന്റെ സംസ്കാരത്തെയും പ്രചോദിപ്പിക്കാൻ ഉപയോഗിച്ചു. "കാലഘട്ടത്തിന്റെ ആവശ്യങ്ങൾ ക്രൈസ്തവ പരസ്നേഹത്തിന്റെ സേവനത്തിലുള്ള പുതിയ പരിശ്രമങ്ങളെ ആവശ്യപ്പെട്ടു. പ്രായോഗിക കാരുണ്യ പ്രവർത്തനത്തിന്റെ അസംഖ്യം രേഖകൾ ചരിത്രത്തിലുണ്ട്... ദരിദ്രരുടെയിടയിലുള്ള സഭയുടെ പ്രവർത്തനം വലിയതോതിൽ സംഘടിതമായിരുന്നു. ഓരോ മാനുഷികാവശ്യവും പരിഹരിക്കുന്നതിനുവേണ്ടിയുള്ള അനേകം സ്ഥാപനങ്ങൾ ഉണ്ടായി: ആശുപത്രികൾ, ദരിദ്രർക്കായുള്ള ഭവനങ്ങൾ, അനാഥമന്ദിരങ്ങൾ, ഉപേക്ഷിക്കപ്പെട്ട ശിശുക്കൾക്കുവേണ്ടിയുള്ള ഭവനങ്ങൾ, യാത്രക്കാർക്കായുള്ള വിശ്രമസങ്കേതങ്ങൾ..."

## 6. സഭയുടെ സാമൂഹിക സിദ്ധാന്തത്തിന്റെ തത്ത്വങ്ങൾ, സംരക്ഷണ സംസ്കാരത്തിന്റെ അടിസ്ഥാനമെന്ന നിലയിൽ

സഭയുടെ ആദിമകാലത്തുണ്ടായിരുന്ന ദിയാക്കോണിയ (ശുശ്രൂഷ) പിതാക്കന്മാരുടെ പരിചിന്തനം വഴി സമ്പന്നമാക്കപ്പെട്ടു. നൂറ്റാണ്ടുകളോളം നിലനിറുത്തപ്പെട്ടു. വിശ്വാസത്തിന് പ്രകാശപൂർണമായ സാക്ഷ്യം നല്കിയ അനേകരുടെ പരസ്നേഹപ്രവർത്തനം വഴിയാണത്. സഭയുടെ സാമൂഹിക സിദ്ധാന്തത്തിന്റെ തുടിക്കുന്ന ഹൃദയമായിത്തീർന്നു ദിയാക്കോണിയ. ഈ സാമൂഹിക സിദ്ധാന്തം സന്മനസ്സുള്ള എല്ലാവർക്കും നല്കപ്പെടുന്നു. തത്ത്വങ്ങളുടെ അമൂല്യപൈതൃകമെന്ന നിലയിൽ, പരിപാലനയുടെ "വ്യാകരണം" എന്ന നിലയിൽ ഉപയോഗിക്കാൻ കഴിയുന്ന മാനദണ്ഡങ്ങളും നിർദ്ദേശങ്ങളുമെന്ന നിലയിൽ: ഓരോ മനുഷ്യവ്യക്തിയുടെയും മഹത്ത്വത്തെ വളർത്താനുള്ള സമർപ്പണം, ദരിദ്രരോടും മുറിവേൽക്കപ്പെടാവുന്നവരോടുമുള്ള ഐക്യദാർഢ്യം, പൊതു നന്മയ്ക്കായുള്ള നിരന്തര പരിശ്രമം, സൃഷ്ടിയുടെ സംരക്ഷണത്തെ സംബന്ധിച്ച താത്പര്യം.

**സംരക്ഷണം ഓരോ വ്യക്തിയുടെയും മഹത്ത്വവും അവകാശവും വളർത്തൽ എന്ന നിലയിൽ**

ക്രിസ്തുമതത്തിൽ ഉദ്ഭവിക്കുകയും വികസിപ്പിക്കുകയും ചെയ്ത വ്യക്തിയെന്ന സങ്കല്പം തന്നെ സമ്പൂർണ മാനുഷിക വികസനത്തിനുള്ള പരിശ്രമത്തെ വളർത്തുന്നു. വ്യക്തി എപ്പോഴും ബന്ധത്തെയാണ്, വ്യക്തിത്വവാദത്തെയല്ല, സൂചിപ്പിക്കുന്നത്. അത് ഉൾപ്പെടുത്തലിനെയാണ്, ഒഴിവാക്കലിനെയല്ല, ഏറ്റവും അലംഘ്യവുമായ മഹത്ത്വത്തെയാണ്, ചൂഷണത്തെയല്ല, ഉറപ്പിച്ചു പറയുന്നത്." ഓരോ മനുഷ്യവ്യക്തിയും അവനിൽത്തന്നെ അഥവാ അവളിൽത്തന്നെ ഒരു ലക്ഷ്യമാണ്. അവന്റെ, അവളുടെ ഉപയുക്തതകൊണ്ടു വിലമതിക്കപ്പെടേണ്ട ഉപാധിയല്ല. എല്ലാവരും മഹത്ത്വത്തിൽ തുല്യരായിട്ടുള്ള കുടുംബങ്ങളിലും സമുദായങ്ങളിലും സമൂഹങ്ങളിലും ഒന്നിച്ചു ജീവിക്കാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. മാനുഷികാവകാശങ്ങൾ ഈ മഹത്ത്വത്തിൽ നിന്ന് ഉദ്ഭവിക്കുന്നു. മാനുഷിക കടമകളും അങ്ങനെതന്നെയാണ്. ദരിദ്രരെയും രോഗികളെയും, ഉപേക്ഷിക്കപ്പെട്ടവരെയും "സ്ഥല-കാലങ്ങളിൽ അടുത്തും അകലെയുമുള്ള നമ്മുടെ അയൽക്കാരിൽ" ഓരോരുത്തരെയും സ്വാഗതം ചെയ്യാനും സഹായിക്കാനുമുള്ള മാനുഷിക കടമകൾപോലെ മാനുഷികാവകാശങ്ങൾ ഈ മഹത്ത്വത്തിൽ നിന്ന് ഉദ്ഭവിക്കുന്നു.

**പൊതുനന്മ പരിരക്ഷിക്കാൻ**

സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ജീവിതത്തിന്റെ ഓരോ വശവും അതിന്റെ പൂർണമായ ലക്ഷ്യം പ്രാപിക്കുന്നത് പൊതുനന്മയുടെ സേവനത്തിൽ സ്ഥാപിക്കപ്പെടുമ്പോഴാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, "ജനങ്ങൾ ഗ്രൂപ്പുകൾ എന്ന നിലയിലോ വ്യക്തികൾ എന്ന നിലയിലോ ആണ് കൂടുതൽ പൂർണമായും കൂടുതൽ എളുപ്പത്തിലും പൂർണത പ്രാപിക്കുന്നത്." തത്ഫലമായി, നമ്മുടെ പ്ലാനുകൾക്കും പദ്ധതികൾക്കും മുഴുവൻ മനുഷ്യകുടുംബത്തിന്മേലും ഉള്ള അനന്തരഫലങ്ങളെ പരിഗണിക്കണം. ഇപ്പോഴത്തെ തലമുറയിലും വരുംതലമുറകളിലും അവയ്ക്കുണ്ടാകാവുന്ന അനന്തരഫലങ്ങളെയും പരിഗണിക്കണം. ഈ യാഥാർത്ഥ്യത്തിന്റെ സത്യത്തെയും കാലോചിതത്വത്തെയും കോവിഡ് 19 എന്ന പകർച്ചവ്യാധി നമുക്കു കാണിച്ചു തന്നു. പകർച്ച വ്യാധിയുടെ മുമ്പിൽ "നാം ഒരുകാര്യം മനസ്സിലാക്കി.

അതായത്, നമ്മൾ എല്ലാവരും ഒരേ വഞ്ചിയിലാണ്. നമ്മൾ എല്ലാവരും ദുർബലരും ലക്ഷ്യരഹിതരുമാണ്. എന്നാൽ അതേ സമയം സുപ്രധാനമായിട്ടുള്ളതും ആവശ്യമായിട്ടുള്ളതും ഇതാണ്: നമ്മൾ എല്ലാവരും ഒന്നിച്ച് വഞ്ചി തുഴഞ്ഞുപോകണം." കാരണം, "ഒരുത്തനും ഒറ്റയ്ക്ക് രക്ഷപെടുന്നില്ല." ഒരു രാഷ്ട്രത്തിനും ഒറ്റപ്പെട്ടു കഴിഞ്ഞുകൊണ്ട് സ്വന്തം ജനതയുടെ പൊതുനന്മ ഉറപ്പുവരുത്താൻ സാധിക്കുകയില്ല.

## ഐക്യദാർഢ്യത്തിലൂടെയുള്ള സംരക്ഷണം

മറ്റുള്ളവരോടുള്ള നമ്മുടെ സ്നേഹത്തെ ഐക്യദാർഢ്യം വസ്തുനിഷ്ഠമായി പ്രകാശിപ്പിക്കുന്നു. അവ്യക്തമായ വികാരമെന്ന വിധത്തിലല്ല പിന്നെയോ "പൊതുനന്മയ്ക്കുവേണ്ടി സ്വയം സമർപ്പിക്കാനുള്ള ദൃഢവും സുസ്ഥിരവുമായ തീരുമാനമെന്ന നിലയിലാണ് പ്രകാശിപ്പിക്കുന്നത്. അതായത്, എല്ലാവരുടെയും ഓരോ വ്യക്തിയുടെയും നന്മയ്ക്കുവേണ്ടി. കാരണം, നമ്മൾ എല്ലാവരും യഥാർത്ഥത്തിൽ എല്ലാവരെയും സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരാണ്." മറ്റുള്ളവരെ പരിഗണിക്കാൻ ഐക്യദാർഢ്യം നമ്മെ സഹായിക്കുന്നു-വ്യക്തികൾ എന്ന നിലയിലായാലും കൂടുതൽ  വിശാലമായി ജനതകൾ, രാഷ്ട്രങ്ങൾ എന്നീ നിലയിലായാലും - കേവലം സ്ഥിതിവിവരക്കണക്കുകൾക്കപ്പുറത്ത്.  ഉപയോഗിച്ചിട്ട് ഭാവിയിൽ ഉപയോഗമില്ലാത്തവരായി തള്ളിക്കളയേണ്ടവരായിട്ടല്ല. പിന്നെയോ നമ്മുടെ അയൽക്കാരായി നമ്മുടെ യാത്രയെ  സഹയാത്രികരായി ജീവന്റെ വിരുന്നിൽ പങ്കുചേരാൻ നമ്മെപ്പോലെ വിളിക്കപ്പെട്ടവരായി കരുതണം. ദൈവം എല്ലാവരെയും ആ വിരുന്നിലേക്കു തുല്യനിലയിൽ ക്ഷണിച്ചിട്ടുണ്ട്.

## സൃഷ്ടിയുടെ പരിപാലനയും സംരക്ഷണവും

*ലാവുദാത്തോ സി* എന്ന ചാക്രികലേഖനം എല്ലാ സൃഷ്ടികളും  പരസ്പരബന്ധിതമാണെന്ന് തികച്ചും ബോധമുള്ള ഒന്നാണ്. ദരിദ്രരുടെ കരച്ചിലും സൃഷ്ടിയുടെ കരച്ചിലും ശ്രദ്ധിക്കുകയെന്ന ആവശ്യത്തെ അത് ഉയർത്തിക്കാണിക്കുന്നു. നമ്മുടെ പൊതു ഭവനമായ ഭൂമിയെ ആവശ്യത്തിൽപ്പെടുന്ന നമ്മുടെ സഹോദരീ  സഹോദരന്മാരെയും കാര്യക്ഷമമായി പരിപാലിക്കാൻ സ്ഥിരവും ശ്രദ്ധാപൂർവകവുമായി ശ്രവിക്കാൻ പ്രേരിപ്പിക്കുന്നു. ഇവിടെ ഒരിക്കൽക്കൂടി ഒരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് നമ്മുടെ സഹജീവികളായ മനുഷ്യരോട് നമ്മുടെ ഹൃദയത്തിൽ വാത്സല്യവും സഹതാപവും

താത്പര്യവും ഇല്ലെങ്കിൽ പ്രകൃതിയുടെ ബാക്കിഭാഗത്തോടുള്ള അഗാധമായ ഐക്യത്തെക്കുറിച്ചുള്ള ബോധം ശരിയായിരിക്കുകയില്ല.” “സമാധാനം, നീതി, സൃഷ്ടിപരിപാലനം എന്നിവ ആന്തരികമായി ബന്ധപ്പെട്ട മൂന്നു പ്രശ്നങ്ങളാണ്. ഒറ്റപ്പെടുത്തി അവയോടു ബന്ധപ്പെടാൻ, അവയെ വേർതിരിക്കാൻ പാടില്ല. അങ്ങനെ ചെയ്താൽ ന്യൂനീകരിക്കലാകും.”

## 7. പൊതുപാത ചൂണ്ടിക്കാണിക്കുന്ന ഒരു കോമ്പസ്

പാഴാക്കലിന്റെ സംസ്കാരം ആധിപത്യമുറപ്പിക്കുന്ന ഒരു സമയത്ത്, രാഷ്ട്രങ്ങൾക്കുള്ളിലും രാഷ്ട്രങ്ങൾ തമ്മിലും വർധിച്ചുവരുന്ന അസമത്വങ്ങളെ നേരിടുന്ന കാലത്ത്, രാഷ്ട്രീയ നേതാക്കളെയും അന്താരാഷ്ട്ര സംഘടനകളുടെ നേതാക്കളെയും ബിസിനസ് നേതാക്കളെയും ശാസ്ത്രജ്ഞരെയും വാർത്താവിനിമയക്കാരെയും വിദ്യാഭ്യാസ പ്രവർത്തകരെയും ഒരു കാര്യം ചെയ്യാൻ ഞാൻ നിർബന്ധിക്കുന്നു. അതായത്, ഈ തത്ത്വങ്ങളെ പൊതുവായ മാർഗദിശ കാണിക്കാൻ കഴിവുള്ളതും “കൂടുതൽ മാനുഷികമായ ഭാവിയെ” ഉറപ്പുവരുത്തുന്നതുമായ കോമ്പസ് എന്ന നിലയിൽ, ആഗോളവത്കരണത്തിന്റെ പ്രക്രിയയിൽ, സ്വീകരിക്കണമെന്നു നിർബന്ധിക്കുന്നു. ഓരോ വ്യക്തിയുടെ വിലയും മഹത്ത്വവും വിലയിരുത്താനും പൊതുനന്മയ്ക്കുവേണ്ടി ഐക്യദാർഢ്യത്തോടെ ഒന്നിച്ചു പ്രവർത്തിക്കാനും ദാരിദ്ര്യം, രോഗം, അടിമത്തം, ആയുധംകൊണ്ടുള്ള സംഘട്ടനം, വിവേചനം എന്നിവ സഹിക്കുന്നവരെ ആശ്വസിപ്പിക്കാനുമുള്ള കഴിവ് ഇതു നമുക്കു തരും. ഈ കോമ്പസ് കൈയിലെടുക്കാനും സംരക്ഷണസംസ്കാരത്തിന്റെ പ്രവാചകപരമായ സാക്ഷ്യമാകാനും നിലവിലുള്ള അനേകം അസമത്വങ്ങളെ കീഴടക്കാൻ പ്രവർത്തിക്കാനും ഞാൻ ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. കുടുംബത്തിലും സാമൂഹികവും രാഷ്ട്രീയവും സ്ഥാപനപരവുമായ എല്ലാ മണ്ഡലങ്ങളിലും സ്ത്രീകൾ വ്യാപകമായും അർത്ഥപൂർണമായും ഉൾപ്പെട്ടാൽ മാത്രമേ ഇതു സാധ്യമാകുകയുള്ളൂ.

സംരക്ഷണ സംസ്കാരത്തിന്റെ വളർച്ചയെ സംബന്ധിച്ചിടത്തോളം ഏറെ സത്താപരമായിരിക്കുന്ന സാമൂഹികതത്ത്വങ്ങളുടെ ഈ കോമ്പസ് ഒരാവശ്യത്തെ ചൂണ്ടിക്കാണിക്കുന്നുണ്ട്. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ സാഹോദര്യം, പരസ്പര ബഹുമാനം, ഐക്യദാർഢ്യം, അന്താരാഷ്ട്ര നിയമത്തിന്റെ അനുസരണം എന്നിവയാൽ പ്രചോദിപ്പിക്ക

പ്പെടണം എന്നതാണത്. ഇതിനെ സംബന്ധിച്ചിടത്തോളം നാം അംഗീകരിക്കേണ്ട ഒരു വസ്തുതയുണ്ട്. മാറ്റിക്കളയാനാവാത്ത, സാർവത്രികമായ വിഭജിക്കാനാവാത്ത മൗലിക മാനുഷികാവകാശങ്ങളെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുകയെന്നതാണ് ആ വസ്തുത.

അതുപോലെ അത്യാവശ്യമാണ് മനുഷ്യത്വപരമായ (humanitarian) നിയമങ്ങളെ ആദരിക്കുകയെന്നത് - പ്രത്യേകിച്ച്, സംഘർഷങ്ങളും യുദ്ധങ്ങളും തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ദുരന്തപരമായ ഒരു വസ്തുതയുണ്ട്. സുരക്ഷിതത്വത്തിലും സമാധാനത്തിലും തങ്ങൾ ജീവിച്ച കാലത്തെപ്പറ്റി അനേകം പ്രദേശങ്ങൾക്കോ സമൂഹങ്ങൾക്കോ ഓർമ്മിക്കാൻ കഴിയുന്നില്ല എന്നതാണത്. അസംഖ്യം നഗരങ്ങൾ സുരക്ഷിതത്വമില്ലായ്മയുടെ ഭൂപ്രദേശങ്ങളാണെന്നതാണത്. സ്ഫോടന വസ്തുക്കൾക്കൊണ്ടും പീരങ്കികൾകൊണ്ടും ചെറിയ യുദ്ധോപകരണങ്ങൾകൊണ്ടും നടത്തുന്ന തരം തിരിവില്ലാത്ത ആക്രമണങ്ങളുടെ മുമ്പിൽ പൗരന്മാർ തങ്ങളുടെ സാധാരണ ജീവിതക്രമം തുടരാൻ കഷ്ടപ്പെടുന്നു. കുട്ടികൾക്കു പഠിക്കാൻ പറ്റുന്നില്ല. സ്ത്രീപുരുഷന്മാർക്ക് തങ്ങളുടെ കുടുംബങ്ങളെ പോറ്റാൻ വേണ്ടി ജോലിചെയ്യാൻ പറ്റുന്നില്ല. പട്ടിണിയെപ്പറ്റി മുമ്പ് അറിഞ്ഞിട്ടില്ലാത്ത സ്ഥലങ്ങളിൽ പട്ടിണി വ്യാപിക്കുന്നു. ഓടിപ്പോകാൻ ആളുകൾ നിർബന്ധിക്കപ്പെടുന്നു. അവരുടെ വീടുകൾ മാത്രമല്ല കുടുംബചരിത്രവും സാംസ്കാരിക വേരുകളും ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടിവരുന്നു.

ഇത്തരം സംഘട്ടനങ്ങൾക്ക് അനേകം കാരണങ്ങളുണ്ട്. എന്നാൽ ഫലം എപ്പോഴും ഒന്നാണ്: അതായത് നാശവും മാനുഷിക വിഷമാവസ്ഥകളും. നമ്മൾ നമ്മോടുതന്നെ ഇങ്ങനെ ചോദിക്കണം: സംഘട്ടനത്തെ സാധാരണ കാര്യമായി കാണാൻ നമ്മുടെ ലോകത്തെ പ്രേരിപ്പിച്ചത് എന്താണ്? ഐക്യദാർഢ്യത്തിലും സാഹോദര്യത്തിലും യഥാർത്ഥ സമാധാനത്തിനുവേണ്ടി അധ്വാനിക്കാൻ നമ്മുടെ ഹൃദയങ്ങളെ എങ്ങനെ തിരിക്കാൻ കഴിയും? നമ്മുടെ ചിന്താരീതികളെ എങ്ങനെ മാറ്റാൻ കഴിയും?

ആയുധങ്ങൾക്കുവേണ്ടി, പ്രത്യേകിച്ച ന്യൂക്ലിയർ ആയുധങ്ങൾക്കുവേണ്ടി, എന്തുമാത്രം വിഭവങ്ങളാണ് ഉപയോഗിക്കുന്നത്? അവ കൂടുതൽ ശ്രദ്ധേയവും മുൻഗണനാപരവുമായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമായിരുന്നു: വ്യക്തികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ, സമാധാനം സമഗ്ര മാനുഷിക വികസനം എന്നിവയെ വളർത്താൻ,

ദാരിദ്രത്തിനെതിരേ സമരം ചെയ്യാൻ, ആരോഗ്യപരിപാലനം നടപ്പിലാക്കാൻ.

ഇപ്പോഴത്തെ കോവിഡ് 19 എന്ന പകർച്ചവ്യാധിയും കാലാവസ്ഥാ മാറ്റവും ഈ വെല്ലുവിളികളെ കൂടുതൽ വ്യക്തമാക്കുകയാണു ചെയ്തിട്ടുള്ളത്. താഴെപ്പറയുന്ന തീരുമാനം എത്രയോ ധീരമായതായിരിക്കും: "ആയുധങ്ങൾക്കും യുദ്ധച്ചെലവുകൾക്കുമായി ഉപയോഗിക്കുന്ന പണം കൊണ്ട് ഒരു ആഗോളഫണ്ട് സ്ഥാപിക്കുക- വിശപ്പിന്റെ പ്രശ്നം എന്നേക്കുമായി ഇല്ലായ്മ ചെയ്യാനും ഏറ്റവും ദരിദ്ര രാഷ്ട്രങ്ങളുടെ വികസനത്തിനു സംഭാവന ചെയ്യാനും വേണ്ടിയുള്ള ഫണ്ട്."

## 8. സംരക്ഷണ സംസ്കാരത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം

സംരക്ഷണസംസ്കാരത്തെ വളർത്തുന്നതിന് ഒരു വിദ്യാഭ്യാസ പ്രക്രിയ ആവശ്യമുണ്ട്. സാമൂഹിക തത്ത്വങ്ങളുടെ കോമ്പസ് പരസ്പരബന്ധമുള്ള ധാരാളം സാഹചര്യങ്ങളിൽ ഉപകാരപ്രദവും വിശ്വസനീയവുമാണെന്നു തെളിയും. ഞാൻ ചില ഉദാഹരണങ്ങൾ പറയട്ടെ:

-സംരക്ഷണത്തിനായി ജനങ്ങളെ പഠിപ്പിക്കുകയെന്നത് കുടുംബത്തിൽ തുടങ്ങുന്നു. കുടുംബം സമൂഹത്തിന്റെ സ്വാഭാവികവും മൗലികവുമായ ന്യൂക്ലിയസാണ്. എങ്ങനെ ജീവിക്കണമെന്നും പരസ്പര ബഹുമാനത്തിന്റെ ചൈതന്യത്തോടെ മറ്റുള്ളവരുമായി എങ്ങനെ ബന്ധപ്പെടണമെന്നും നമ്മൾ പഠിക്കുന്നത് അവിടെവച്ചാണ്. എന്നാലും ജീവദായകവും അനുപേക്ഷണീയവുമായ ഈ ധർമ്മം നിർവഹിക്കുന്നതിനു കുടുംബങ്ങളെ ശക്തിപ്പെടുത്തണം.

- കുടുംബത്തോടൊപ്പം വിദ്യാലയങ്ങളും യുണിവേഴ്സിറ്റികളും - ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹിക സമ്പർക്ക മാധ്യമങ്ങളും വിദ്യാഭ്യാസം നല്കാൻ കടപ്പെട്ടവയാണ്. അവ മൂല്യങ്ങളുടെ ഒരു വ്യവസ്ഥിതി കൈമാറണം. അത് ഓരോ വ്യക്തിയുടെയും ഭാഷാപരമോ വംശപരമോ മതപരമോ ആയ സമൂഹത്തിന്റെയും ഓരോ ജനതയുടെയും മഹത്ത്വത്തെ അംഗീകരിക്കണം. ആ അംഗീകാരത്തിൽ നിന്നുണ്ടാകുന്ന മൗലികാവകാശങ്ങളെയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മൂല്യങ്ങളുടെ വ്യവസ്ഥിതിയായിരിക്കണം. കൂടുതൽ നീതിപൂർവകവും സഹോദരപരവുമായ സമൂഹത്തിന്റെ സ്തംഭങ്ങളിലൊന്നാണ് വിദ്യാഭ്യാസം.

– പൊതുവേ മതങ്ങൾക്കും പ്രത്യേകിച്ച് മതനേതാക്കൾക്കും അനുപേക്ഷണീയമായ ഒരു ധർമ്മം നിർവഹിക്കാൻ കഴിയും. അനുയായികൾക്കും പൊതുവേ സമൂഹത്തിനും ഐക്യദാർഢ്യത്തിന്റെ മൂല്യങ്ങളെയും വ്യത്യാസങ്ങളോടുള്ള ആദരവിനെയും ആവശ്യത്തിൽപ്പെട്ട സഹോദരീസഹോദരന്മാരെ സംബന്ധിച്ച താത്പര്യത്തെയും കൈമാറാൻ അവർക്കു കഴിയും. പോൾ 6–ാമൻ മാർപാപ്പ 1969–ൽ ഉഗാണ്ടൻ പാർലിമെന്റിനോടു പറഞ്ഞ വാക്കുകളെ ഞാനിവിടെ ഓർമ്മിപ്പിക്കുന്നു: “സഭയെ ഭയപ്പെടരുത്. അവൾ നിങ്ങളെ ബഹുമാനിക്കുന്നു, അവൾ സത്യസന്ധരും വിശ്വസ്തരുമായ പൗരന്മാരെ നിങ്ങൾക്കായി പഠിപ്പിച്ചെടുക്കുന്നു, അവൾ മാത്സര്യങ്ങളെയും വിഭജനങ്ങളെയും വളർത്തുന്നില്ല. ആരോഗ്യകരമായ സ്വാതന്ത്ര്യവും സാമൂഹികനീതിയും സമാധാനവും വളർത്താൻ അവൾ പരിശ്രമിക്കുന്നു. അവൾക്ക് എന്തെങ്കിലും പ്രത്യേക താത്പര്യമുണ്ടെങ്കിൽ അത് ദരിദ്രരെ സംബന്ധിച്ചാണ് – കുട്ടികളുടെയും ജനതയുടെയും വിദ്യാഭ്യാസത്തിന്, സഹിക്കുന്നവരെയും പരിത്യക്തരെയും പരിപാലിക്കുന്നതിന് ഉള്ള താത്പര്യം തന്നെ.”

പബ്ളിക് സർവീസിലും സർക്കാർ സംബന്ധവും അല്ലാത്തതുമായ അന്താരാഷ്ട്ര സംഘടനകളിലും ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും മണ്ഡലങ്ങളിൽ വിവിധ രീതികളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഞാൻ ഒരിക്കൽക്കൂടി പ്രോത്സാഹിപ്പിക്കുന്നു. ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടി അധ്വാനിക്കാനാണത്. “കൂടുതൽ തുറവിയുള്ളതും സമഗ്രവുമായ വിദ്യാഭ്യാസം, ക്ഷമാപൂർവകമായ ശ്രവണവും സർഗാത്മകമായ സംവാദവും കൂടുതൽ നല്ല പരസ്പരധാരണയും നേടുകയെന്ന ലക്ഷ്യത്തിനുവേണ്ടിത്തന്നെ” വിദ്യാഭ്യാസത്തെ സംബന്ധിച്ച ആഗോള കോംപാക്റ്റിന്റെ സാഹചര്യത്തിൽ ഞാൻ നടത്തുന്ന ഈ അഭ്യർത്ഥന വ്യാപകമായ തോതിൽ തിരിച്ചറിയപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

## 9. സംരക്ഷണ സംസ്കാരമില്ലാതെ സമാധാനമുണ്ടാവുകയില്ല

അങ്ങനെ സംരക്ഷണസംസ്കാരം പൊതുവായ, പിന്താങ്ങുന്ന, സമ്പൂർണമായ, ഒരു സമർപ്പണത്തെ ആവശ്യപ്പെടുന്നു: എല്ലാവരുടെയും മഹത്ത്വത്തെയും നന്മയെയും സംരക്ഷിക്കുകയും വളർത്തുകയും ചെയ്യാൻ, പരിപാലനയും സഹാനുഭൂതിയും പ്രകടിപ്പിക്കാനുള്ള

സന്മനസ്സ് ഉണ്ടായിരിക്കാൻ, അനുരഞ്ജനത്തിനും സുഖപ്പെടുത്തലിനുംവേണ്ടി അധ്വാനിക്കാൻ, പരസ്പര ബഹുമാനവും സ്വീകരണവും വളർത്താൻ. അത് സ്വയമേ സമാധാനത്തിലേക്കുള്ള സവിശേഷാനുകൂല്യമുള്ള പാതയാണ്. "ലോകത്തിന്റെ അനേകം ഭാഗങ്ങളിൽ തുറന്നിരിക്കുന്ന വ്രണങ്ങൾ സുഖപ്പെടുത്താൻ സമാധാനത്തിന്റെ പാതകൾ ആവശ്യമുണ്ട്. സമാധാന സ്ഥാപകരെയും സുഖപ്പെടുത്തലിന്റെയും നവീകൃത കണ്ടുമുട്ടലിന്റെയും പ്രക്രിയയ്ക്കായി ധീരതയോടും സർഗാത്മകതയോടും കൂടി അധ്വാനിക്കാൻ തയ്യാറുള്ള സ്ത്രീപുരുഷന്മാരെയും ആവശ്യമുണ്ട്."

മനുഷ്യവംശത്തിന്റെ വഞ്ചി ഇന്നത്തെ വിഷമസന്ധിയുടെ കൊടുങ്കാറ്റിൽ ഉലയുന്നു. കൂടുതൽ പ്രശാന്തമായ ചക്രവാളത്തിലേക്കു നീങ്ങുവാൻ കഷ്ടപ്പെടുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ മനുഷ്യമഹത്ത്വത്തിന്റെ ചുക്കാൻ മൗലിക സാമൂഹിക തത്ത്വങ്ങളാകുന്ന കോമ്പസ് എന്നിവയ്ക്ക് നമ്മെ ഒന്നിച്ച് സുരക്ഷിതസ്ഥലത്തേക്കു നയിക്കാൻ കഴിയും. ക്രൈസ്തവരെന്ന നിലയിൽ നമ്മൾ എപ്പോഴും സമുദ്രതാരവും പ്രത്യാശയുടെ അമ്മയുമായ കന്യകാമറിയത്തിലേക്കു നോക്കണം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പരസ്പരമുള്ള പിന്താങ്ങലിന്റെയും സ്വീകരണത്തിന്റെയും പുതിയ ചക്രവാളത്തിലേക്ക് മുന്നേറാൻ നമുക്ക് ഒന്നിച്ച് അധ്വാനിക്കാം. മറ്റുള്ളവരെ, പ്രത്യേകിച്ച് ഏറ്റവും കൂടുതൽ ആവശ്യത്തിൽപ്പെട്ടവരെ അവഗണിക്കാനും മറുവശത്തേക്കു നോക്കാനുമുള്ള പ്രലോഭനത്തിനു നമുക്ക് ഒരിക്കലും കീഴടങ്ങാതിരിക്കാം. പകരം "പരസ്പരം സ്വീകരിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്ന സഹോദരീസഹോദരന്മാരുടെ സമൂഹത്തെ രൂപപ്പെടുത്താൻ" വസ്തുനിഷ്ഠവും പ്രായോഗികവുമായ രീതിയിൽ നമുക്കു പരിശ്രമിക്കാം.

വത്തിക്കാനിൽ നിന്ന്, 8 ഡിസംബർ 2020

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

Prot. No. 1480/2020

## സർക്കുലർ
# സീറോമലബാർ പ്രേഷിതവാരാചരണം - 2021

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ദനഹാതിരുനാളായ ജനുവരി 6 മുതൽ 12 വരെ സീറോമലബാർസഭ പ്രേഷിതവാരമായി എല്ലാ വർഷവും ആചരിക്കുന്ന വിവരം നമുക്കറിവുള്ളതാണല്ലോ. 'മിഷനെ അറിയുക, മിഷനറിയാവുക' എന്ന ആദർശവാക്യത്തെ പ്രായോഗികതലങ്ങളിലെത്തിച്ച് ജീവിതത്തിലും പ്രവൃത്തിയിലും പ്രേഷിത തീക്ഷ്ണതയാൽ നിറഞ്ഞു, സഭയുടെ പ്രേഷിത ഉദ്യമങ്ങളെ ശക്തിപ്പെടുത്തുവാനുള്ള പരിശ്രമമാണ് പ്രേഷിതവാരം ലക്ഷ്യം വയ്ക്കുന്നത്. ഈയവസരത്തിൽ കേരളത്തിനകത്തും പുറത്തുമായി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വീരോചിതമായ രീതിയിൽ മിഷൻ പ്രവത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായസഹോദരങ്ങളും ഉൾപ്പെടുന്ന എല്ലാ മിഷനറിമാരെയും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നവരെയും സഭയുടെ പേരിൽ അഭിനന്ദിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രേഷിതവാരാചരണത്തിന്റെ പശ്ചാത്തലത്തിൽ ആനുകാലിക ലോകത്തിന്റെയും തിരുസ്സഭയുടെയും സാഹചര്യങ്ങളെ ആസ്പദമാക്കി ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 2020 മിഷൻ ഞായറിനായുള്ള പ്രേഷിത സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ പങ്കുവയ്ക്കുന്നത്, ഇന്നിന്റെ കലുഷിത സാഹചര്യങ്ങളിലേക്ക് ദൈവസ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകരാകുവാൻ, "ആരാണ് എനിക്കായി പോവുക" (ഏശയ്യ 6:8), എന്ന ആകുലതയാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ

ഒരു നവീന ക്രൈസ്തവ മാനവികതയുടെ നിർമ്മാണത്തിനായി പരിശ്രമിക്കുവാൻ 'എല്ലാവരും സോദരർ' എന്ന തന്റെ പുതിയ ചാക്രിക ലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ നമ്മെ ഉദ്ബോധിപ്പിച്ചു. യഥാർത്ഥമായ സുവിശേഷപ്രഘോഷണം വർണ്ണ-വർഗ്ഗ-ലിംഗഭേദമില്ലാതെ എല്ലാവർക്കും ദൈവത്തിന്റെ സ്നേഹവും കരുണയും പങ്കുവയ്ക്കുന്നതും അതനുഭവിക്കാൻ അവസരം നൽകുന്നതുമാകണമെന്ന് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു.

കോവിഡിന്റെ വിപത്തിൽ, ആവശ്യങ്ങളും അത്യാവശ്യങ്ങളും അനാവശ്യങ്ങളും തമ്മിലുള്ള വ്യത്യാസം നാം ശരിക്കും മനസ്സിലാക്കി. തിരുസ്സഭയിലെ ഏതൊരു ശുശ്രൂഷയുടെയും സംവിധാനത്തിന്റെയും മൂല്യം, സുവിശേഷവത്കരണത്തിനായി അത് എന്തുമാത്രം സഹായിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. പ്രേഷിതപ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന ഏതു സഭാസംവിധാനവും ക്രിസ്തുവിന്റെ സുവിശേഷത്തിന് വിരുദ്ധമാണെന്നും അവയെ സുവിശേഷാത്മകമായി പുനർനിർമ്മിക്കണമെന്നും ഫ്രാൻസിസ് പാപ്പാ ഉദ്ബോദിപ്പിക്കുന്നു (സുവിശേഷത്തിന്റെ ആനന്ദം, 26). നല്ല സമരിയാക്കാരന്റെ ഉപമ ആനുകാലികമായി വ്യഖ്യാനിച്ചുകൊണ്ട്, മായം ചേരാത്ത ദൈവസ്നേഹത്തിന്റെ മാതൃകകളായി സഭാസംവിധാനങ്ങളെ പുനർനിർമ്മിക്കണമെന്ന് 'എല്ലാവരും സോദരർ' എന്ന ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ വീണ്ടും ഓർമ്മിപ്പിക്കുന്നു (നമ്പർ 62). കാരണം സ്നേഹിക്കാത്തവൻ ദൈവത്തിന്റെ കൂടെയല്ല (1 യോഹ 4:8-16). അതിനാൽ, സ്നേഹത്തിന്റെ പ്രമാണം അടിസ്ഥാനമാക്കി സഭാസംവിധാനങ്ങളെയും ശുശ്രൂഷകളെയും പുനർനിർമിച്ചാൽ മാത്രമേ, അവ ക്രിസ്തുവിശ്വാസത്തിലേക്ക് മനുഷ്യമക്കളെ നയിക്കുന്ന പ്രേഷിതപ്രവർത്തനങ്ങളായി പരിണമിക്കൂ.

അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം പങ്കുവയ്ക്കുവാനുള്ള ഉത്സാഹം പ്രാദേശികസഭകളുടെ പക്വതയുടെ അടയാളമായിട്ടാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നത് (*Verbum Domini,* 95). സീറോമലബാർസഭയുടെ വിശ്വാസപക്വതയുടെ തെളിവാണ് ഈ സഭയിൽനിന്നും അക്രൈസ്തവർക്കിടയിൽ ജോലിചെയ്യുവാനായി ഇറങ്ങി പുറപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിന് സഭാമക്കളുടെ ജീവിതകഥകൾ. അതിനായി അവരെ ഒരുക്കിയ കുടുംബങ്ങളും ഇടവകകളും പക്വതനിറഞ്ഞ വിശ്വാസജീവിതത്തിന്റെയും അജപാലനത്തി

ന്റെയും ചരിത്രം പറയുന്നു. നമ്മുടെ സഭയിൽ രൂപീകൃതമായ നിരവധി സന്യാസ-മിഷനറി സമൂഹങ്ങളോടൊപ്പം വിലമതിക്കേണ്ടതാണ് ചില അല്മായ ഭക്തസംഘടനകൾ നടത്തിയ മുന്നേറ്റങ്ങൾ. നമ്മുടെ ഇടവകവൈദികരുടെയും സന്യസ്തരുടെയും മതാധ്യാപകരുടെയും കാര്യക്ഷമമായ പ്രോത്സാഹനങ്ങളും കരിസ്മാറ്റിക്ക് നവീകരണ പ്രസ്ഥാനങ്ങൾ നൽകുന്ന തീക്ഷ്ണത നിറഞ്ഞ സന്ദേശങ്ങളും നിമിത്തം മിഷൻ പ്രവർത്തനത്തിനായി വൈദിക-സമർപ്പിത ജീവിതം തെരഞ്ഞെടുക്കുന്ന യുവജനങ്ങളുടെയും മിഷൻപ്രദേശങ്ങളിൽ ജോലി ചെയ്യാൻ മുന്നിട്ടിറങ്ങുന്ന അല്മായ സഹോദരങ്ങളുടെയും വർദ്ധി ച്ചുവരുന്ന തീക്ഷ്ണത ആശാവഹമാണ്.

സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന മാധ്യമവിഭാഗങ്ങളും ഒറ്റയ്ക്കും സം ഘടിതവുമായി ഉത്സാഹത്തോടെ സുവിശേഷമൂല്യങ്ങൾ പങ്കുവയ്ക്കു ന്ന നവമാധ്യമ കൂട്ടായ്മകളും നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ ഉദാ ഹരണങ്ങളാണ്. എന്നാൽ ചിലപ്പോഴെല്ലാം അപകടമായ പെരുമാറ്റ ശൈലികളും ഉള്ളടക്കങ്ങളും പ്രചരിപ്പിക്കുന്നതു വഴി നമ്മുടെ മാധ്യ മസംസ്കാരത്തെ അക്രൈസ്തവമാക്കുന്നുണ്ടോ എന്ന്, അവയുടെ പ്രേഷിതമൂല്യത്തിന്റെ അളവുകോലിൽ നാം പരിശോധിക്കുകയും തിരു ത്തുകയും ചെയ്യേണ്ടതാണ്. കാരണം, നവമാധ്യമങ്ങളുടെ കാര്യക്ഷ മമായ ഉപയോഗം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ പതിന്മടങ്ങ് ഫല പ്രദവും ആയാസകരവുമാക്കാൻ ഉപകരിക്കുന്നു എന്നു മാത്രമല്ല, പ്രേഷിതപ്രവർത്തനത്തിന്റെ ഭാവി എങ്ങനെ സഭയ്ക്കുള്ളിൽ തന്നെ ഒരു പുതിയ മാധ്യമസംസ്കാരം നമ്മൾ രൂപപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഭാരതത്തിലെവിടെയും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം 2017 ൽ നമ്മുടെ സഭയ്ക്ക് ലഭ്യമായതിനുശേഷം, പുതിയ മിഷൻ പ്രദേശങ്ങൾ ഏറ്റെടുത്ത് അവിടെ ജോലിചെയ്യുവാനായി നമ്മുടെ പല രൂപതകളും സമർപ്പിതകൂട്ടായ്മകളും കുടുംബപ്രേഷി തരും നടത്തുന്ന പ്രയത്നങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കു കയും, അതിനായി മുൻകൈ എടുത്ത രൂപതാധ്യക്ഷന്മാരെയും സമർ പ്പിതസമൂഹാധികാരികളെയും അല്മായ നേതൃത്വത്തെയും ഞാൻ നന്ദിപൂർവം ഓർക്കുകയും ചെയ്യുന്നു. മിഷനുവേണ്ടി പ്രാർത്ഥിച്ചും മിഷനറി ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും ആവുന്ന രീതിയിലെല്ലാം സാമ്പത്തിക സംഭാവനകൾ നൽകിയും നമ്മുടെ പ്രേഷിത പ്രവർത്തന

ങ്ങളെ സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിനായി സഭാകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിന്റെ ശുശ്രൂഷകളുമായി സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു.

മറക്കാൻ പാടില്ലാത്ത ഒരു ഉപദേശം ക്രിസ്തു അന്ത്യഅത്താഴസമയത്ത് ശിഷ്യന്മാർക്കു നല്കുന്നുണ്ട് "നിങ്ങൾക്ക് പരസ്പരം സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ലോകം അറിയും" (യോഹ. 13:35). ശിഷ്യരുടെ ജീവിതത്തിന്റെ ഉൽകൃഷ്ടതയാണ് ഗുരുവിന്റെ നാമം നിലനിർത്തുന്നതും അറിയിക്കുന്നതും. സുകൃതപൂർണ്ണമായ ജീവിതം കൊണ്ടും പ്രഘോഷണം കൊണ്ടും നമ്മുടെ ഗുരുവിനെയും അദ്ദേഹം നൽകുന്ന നിത്യജീവനെയും അനേകരിലെത്തിക്കാം. അതിനായി പരിശ്രമിക്കുന്നവരെ പ്രാർത്ഥനകൊണ്ടും സഹകരണങ്ങൾകൊണ്ടും സഹായിക്കാം. അങ്ങനെ സുവിശേഷത്തിന്റെ സ്നേഹവും കാരുണ്യവും പ്രത്യാശയുമാകുന്ന വെളിച്ചം നൽകി ജനഹൃദയങ്ങളെ സ്പർശിക്കുവാനായി നാം പരിശ്രമിച്ചാൽ, പരിമിതമായ വാക്കുകൾ കൊണ്ട് തന്നെ ഫലപ്രദമായ പ്രേഷിതപ്രവർത്തനം നടത്താം. അതിനായി ശ്രേഷ്ഠമിഷനറിയായ ക്രിസ്തുനാഥന്റെ അനുഗ്രഹവും പ്രേഷിത റാണിയായ പരിശുദ്ധ അമ്മയുടെയും പ്രേഷിത താതൻ തോമാശ്ലീഹായുടെ മധ്യസ്ഥതയും മിഷനറിമാരായ നാമോരോരുത്തരെയും സഹായിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് മാസം ഡിസംബർ 18-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽ സ്നേഹപൂർവ്വം,

കർദിനാൾ മാർ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർആർച്ചുബിഷപ്പ്

...............................................

N.B.: ഈ സർക്കുലർ 2021 ജനുവരി 03-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3415 /K-5/KCBC/OL/DS 24-12-2020

# 2021 യൗസേപ്പിതാവിന്റെ വർഷമായി
## മാർപാപ്പ പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ കെ. സി. ബി. സി. പുറപ്പെടുവിക്കുന്ന സർക്കുലർ

*"ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു"* (മത്താ. 1:24)

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

'പിതൃഹൃദയത്തോടെ' (Patris corde) എന്ന അപ്പോസ്തോലിക ലേഖനത്തിലൂടെ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വിശുദ്ധ യൗസേപ്പിതാവിനു പ്രതിഷ്ഠിക്കപ്പെട്ട വർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. യൗസേപ്പിതാവിനെ സാർവത്രിക സഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിലാണ് അമലോത്ഭവ മാതാവിന്റെ തിരുന്നാൾ ദിനത്തിൽ ഇത്തരമൊരു പ്രഖ്യാപനം ഉണ്ടായിരിക്കുന്നത്.

1870-ൽ ഒമ്പതാം പീയൂസ് മാർപാപ്പയാണ് യൗസേപ്പിതാവിനെ സാർവത്രിക സഭയുടെ മധ്യസ്ഥനും സംരക്ഷകനുമായി പ്രഖ്യാപിച്ചത്. രോഗികളുടെ മധ്യസ്ഥനായും നന്മരണത്തിന്റെ മധ്യസ്ഥനായും അതുവരേയും യൗസേപ്പിതാവിനെ പ്രത്യേകം വണങ്ങിയിരുന്നു. ദൈവമാതാവായ മറിയത്തിന്റെയും ദൈവപുത്രനായ യേശുക്രിസ്തുവിന്റെയും കരങ്ങളിൽ അദ്ദേഹം മരിച്ചു എന്ന പാരമ്പര്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഒരു വണക്കം സഭയിൽ അന്നു തുടങ്ങിയത്.

നീതിയിലധിഷ്ഠിതമായ സാർവത്രികസാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും അടിസ്ഥാനത്തിൽ ഒരു ആഗോള കുടുംബം രൂപപ്പെടണമെന്ന് ഫ്രാൻസിസ് പാപ്പാ 'ഏവരും സോദരർ' (Fratelli Tutti) എന്ന സാമൂഹിക ചാക്രിക ലേഖനത്തിലൂടെ ആഹ്വാനം ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് നീതിമാനും കുടുംബങ്ങളുടെ

സംരക്ഷകനുമായ യൗസേപ്പിതാവിനെ ലോകത്തിനു മുൻപിൽ മാതൃകയും മധ്യസ്ഥനുമായി ഫ്രാൻസിസ് പാപ്പാ പുനഃപ്രതിഷ്ഠ നടത്തിയിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

നൂറ്റിയൻപത് വർഷങ്ങൾക്കു മുൻപ് ഒമ്പതാം പീയൂസ് മാർപാപ്പ യൗസേപ്പിതാവിന്റെ സംരക്ഷണയിൽ സാർവത്രികസഭയെ ഭരമേൽപ്പിക്കുമ്പോൾ വളരെ കലുഷിതവും ഗൗരവവുമായ ഒരു കാലഘട്ടത്തിലൂടെയായിരുന്നു ലോകം യാത്ര ചെയ്തിരുന്നത്. കാപ്പിറ്റലിസത്തിന്റെയും വ്യവസായവത്കരണത്തിന്റെയും ഫലമായി രൂപംകൊണ്ട വ്യത്യസ്ത മേഖലകളിലുണ്ടായ തകർച്ച സമൂഹത്തെയും കുടുംബങ്ങളെയും വിശ്വാസജീവിതത്തെയും ബാധിച്ച ഒരു കാലഘട്ടമായിരുന്നു അത്. നൂറ്റിയൻപത് വർഷങ്ങൾക്കു ശേഷം ഫ്രാൻസിസ് പാപ്പാ യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിക്കുമ്പോൾ ഈ കാലഘട്ടവും കലുഷിതമായ ഒത്തിരി സാഹചര്യങ്ങളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

കോവിഡ്-19 മഹാമാരി വിതച്ച വിനകളുടെ നടുവിൽ ഭക്ഷ്യമേഖലയിലും തൊഴിൽ മേഖലയിലും സാമ്പത്തികമേഖലയിലുമൊക്കെയായി നേരിടുന്ന പ്രതിസന്ധികളും ആശങ്കകളും അനുദിനമെന്നോണം നമ്മളെ അസ്വസ്ഥരാക്കിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമുണ്ട്. അജപാലനപരമായ മേഖലയിലും ഒത്തിരിയേറെ പരിമിതികൾ ഇന്ന് നമുക്കുണ്ട്. കൂടാതെ, സാമൂഹികസ്പർദ്ധയും, മതതീവ്രവാദവും, പാരിസ്ഥിതിക പ്രശ്നങ്ങളും, ദാരിദ്ര്യവും, തുടങ്ങി ധാരാളം പ്രശ്നങ്ങൾ വേറെയും. ഇത്തരം വിഷമസന്ധികളുടെ നടുവിൽ യൗസേപ്പിതാവിന്റെ പ്രത്യേക മാധ്യസ്ഥ സഹായവും സംരക്ഷണവും നമുക്ക് ശക്തിയും പ്രത്യാശയും നൽകുന്നു.

'പിതൃഹൃദയത്തോടെ'എന്നാണ് അപ്പോസ്തോലിക ലേഖനത്തിന് ഫ്രാൻസിസ് പാപ്പാ പേരുനൽകിയിരിക്കുന്നത്. ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ലോകത്തെ സ്നേഹിച്ച (യോഹ 3:16) പിതാവായ ദൈവത്തിന്റെ അനുകമ്പാർദ്രമായ സ്നേഹവും കരുതലും വിശുദ്ധഗ്രന്ഥത്തിൽ ഉടനീളം വെളിപ്പെടുന്നുണ്ടല്ലോ. ദൈവപിതാവിന്റെ പ്രതിനിധിയായിട്ടാണ് യൗസേപ്പിതാവ് യേശുവിന്റെ വളർത്തുപിതാവായി നിയമിക്കപ്പെട്ടത്

എന്നത് എത്രയോ മഹനീയമായ കാര്യമാണ്. ദൈവത്തെ പിതാവേ എന്നു വിളിച്ച ദൈവപുത്രൻ വളർത്തുപിതാവിനെയും പിതാവേ എന്നു വിളിക്കുന്നത് എത്രയോ വലിയ ആദരവാണ്. കുടുംബജീവിതത്തിൽ ഒരു പിതാവിനുള്ള സ്ഥാനം ഏറെ ആദരിക്കപ്പെടേണ്ടതാണ് എന്നത് നമ്മൾ വിസ്മരിച്ചുകൂടാ. മാതാപിതാക്കളെ ബഹുമാനിക്കുക (ലേവ്യ 19:3) എന്ന ദൈവകല്പന ഗൗരവപൂർവം പാലിക്കപ്പെടണം.

'പിതൃഹൃദയത്തോടെ' എന്ന അപ്പോസ്തോലിക ലേഖനത്തിൽ യൗസേപ്പിതാവിന്റെ ജീവിതത്തിൽനിന്ന് മാതൃകയാക്കേണ്ട സവിശേഷമായ ഏഴു ഗുണങ്ങളെ ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നുണ്ട്. യൗസേപ്പിതാവ് വാത്സല്യമുള്ള പിതാവായിരുന്നു എന്നതാണ് ഒന്നാമത്തെ ഗുണവിശേഷമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. യൗസേപ്പിതാവിനെ പോലെയുള്ള ഒരു വളർത്തുപിതാവിനെ യേശുവിന്റെ രൂപീകരണകാലഘട്ടത്തിൽ ആവശ്യമുണ്ടായിരുന്നു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു (ലൂക്കാ 2:52) എന്ന തിരുവചനഭാഗം ഇക്കാര്യം സ്ഥിരീകരിക്കുന്നുണ്ട്. യൗസേപ്പിതാവ് അലിവുള്ള പിതാവായിരുന്നു എന്നതായിരുന്നു മറ്റൊരു പ്രത്യേകത. ധൂർത്തപുത്രന്റെ ഉപമയിൽ അലിവുള്ള പിതാവിനെ അവതരിപ്പിക്കാൻ യേശുവിനെ പ്രേരിപ്പിച്ചത് യൗസേപ്പിതാവുമായുള്ള അവിടുത്തെ അനുഭവങ്ങളായിരിക്കാമെന്ന് ഫ്രാൻസിസ് പാപ്പാ എഴുതുന്നു. യൗസേപ്പിതാവിന്റെ ജീവിതത്തിലെ അനുസരണശീലമാണ് മൂന്നാമത്തെ സവിശേഷതയായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. ഗർഭിണിയായ മറിയത്തെ ഭാര്യയായി സ്വീകരിച്ചതും എല്ലാ പ്രതിസന്ധികളെയും ദുർഘടസാഹചര്യങ്ങളെയും തരണംചെയ്ത് യേശുവിനെ സംരക്ഷിച്ച് വളർത്തിയതുമെല്ലാം ദൈവസ്വരത്തിന് അദ്ദേഹം പൂർണ്ണമായും വിധേയപ്പെട്ടായിരുന്നു. ദൈവത്തോട് ഒന്നിനെക്കുറിച്ചും യാതൊരു വിശദീകരണവും ചോദിക്കാതെ വേദനകളും സന്തോഷങ്ങളുമെല്ലാം ഒരുപോലെ പൂർണമനസോടെ സ്വീകരിച്ചയാളാണ് യൗസേപ്പിതാവ് എന്നതാണ് നാലാമത്തെ ഗുണവിശേഷണമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. യൗസേപ്പിതാവ് ധീരനായിരുന്നു എന്നതാണ് അദ്ദേഹത്തിൽ നിന്നു പഠിക്കാവുന്ന അഞ്ചാമത്തെ പാഠം. യൗസേപ്പിതാവിന്റെ ധീരമായ നിലപാടുകളായിരുന്നു മറിയത്തിനും യേശുവിനും പ്രതിസ

ന്ധികളിൽ സംരക്ഷണമൊരുക്കിയത്. വിശുദ്ധിയുടെ അടയാളമായ ധീരത തികഞ്ഞ ദൈവാശ്രയബോധത്തിൽ നിന്നു രൂപപ്പെടുന്നതാണ്.

യൗസേപ്പിതാവ് തൊഴിൽ ചെയ്ത് തന്റെ കുടുംബത്തെ പോറ്റിവളർത്തി എന്നതാണ് ആറാമത്തെ സവിശേഷത. തച്ചന്റെ മകനായാണ് സ്വദേശത്ത് യേശു അറിയപ്പെട്ടത് (മത്താ 13:55; മർക്കോ 6:3). അധ്വാനിച്ചു ഭക്ഷിക്കുന്നതിന്റെ മൂല്യവും അന്തസും ആനന്ദവും എന്താണെന്ന് യൗസേപ്പിതാവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ഏതു തൊഴിലാണ് ചെയ്യുന്നതെങ്കിലും അതുവഴി നമ്മൾ ദൈവത്തോടു സഹകരിക്കുകയും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയും ചെയ്യുന്നു എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു. നീതിമാനായ യൗസേപ്പിതാവിന്റെ ജീവിതത്തിൽനിന്ന് നമ്മൾ സ്വീകരിക്കേണ്ട ഏഴാമത്തെ ഗുണവിശേഷമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്, സ്വർഗീയപിതാവിന്റെ നിഴലായിട്ടാണ് യൗസേപ്പിതാവ് ഭൂമിയിൽ ജീവിച്ചത് എന്നാണ്. യൗസേപ്പിതാവിന്റെ ജീവിതത്തെ മുൻനിർത്തിക്കൊണ്ട്, “പിതാക്കന്മാർ ജനിക്കുകയല്ല, രൂപപ്പെടുകയാണ്” എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു. ഒരു കുഞ്ഞിനു ജൻമം കൊടുത്തതുകൊണ്ടു മാത്രം ഒരാൾ പിതാവാകുന്നില്ല. മറിച്ച്, ആ കുഞ്ഞിന്റെ വളർച്ചയിലും രൂപീകരണത്തിലും പൂർണ്ണമായ ഉത്തരവാദിത്തങ്ങളും കടമകളും ഏറ്റെടുത്ത് നിർവഹിക്കുമ്പോഴാണ് യഥാർത്ഥത്തിൽ ഒരാൾ പിതാവാകുന്നത്. ഓരോ കുഞ്ഞും ഓരോ രഹസ്യമാണ്. ആ രഹസ്യത്തെ വെളിച്ചത്തുകൊണ്ടുവരാൻ ഒരു പിതാവിനെ കഴിയൂ എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു.

കുടുംബത്തിൽ മാത്രമല്ല, മറ്റുള്ളവരുടെ ജീവിതത്തിലും ചില ഉത്തരവാദിത്തങ്ങൾ നമ്മൾ നിർവഹിച്ചു കൊടുക്കുമ്പോൾ ഒരർത്ഥത്തിൽ നമ്മൾ പിതാക്കൻമാർ ആയിത്തീരുകയാണ്. മാനുഷികവും ആത്മീയവുമായ കാര്യങ്ങളിൽ മറ്റുള്ളവരെ സഹായിച്ചുകൊണ്ട് ഇക്കാര്യം നമുക്ക് നിർവഹിക്കാനാകും. പൗലോസ് അപ്പോസ്തോലൻ കോറിന്തോസ് സഭയെ ഓർമ്മിപ്പിച്ചതുപോലെ “നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഉപദേഷ്ടാക്കൾ ഉണ്ടായേക്കാം. എന്നാൽ പിതാക്കന്മാർ അധികമില്ല. സുവിശേഷപ്രസംഗം വഴി യേശുക്രിസ്തുവിൽ നിങ്ങൾക്കു

ജന്മം നൽകിയത് ഞാനാണ്" (1 കോറി 4:15). സഭയ്ക്കും സമൂഹത്തിനും പിതാക്കന്മാരെ ആവശ്യമുണ്ട്. യൗസേപ്പിതാവിന്റെ മാതൃകയും ഗുണഗണങ്ങളും ജീവിതത്തിൽ പകർത്താൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും യൗസേപ്പിതാവിന്റെ സംരക്ഷണത്തിനായി നമുക്കു ഭരമേൽപ്പിക്കാം. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് രൂപതാ-ഇടവകതലങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. യൗസേപ്പിതാവിനോടുള്ള ഭക്തിയിലും വണക്കത്തിലും കൂടുതൽ ശ്രദ്ധയോടെ ജീവിച്ചുകൊണ്ട് നമ്മുടെ വ്യക്തി ജീവിതത്തെയും കുടുംബങ്ങളെയും നവീകരിക്കാൻ ഈ വർഷാചരണം നമ്മളെ ഏവരെയും സഹായിക്കട്ടെ.

**കാർഡിനൽ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

N:B: ഈ സർക്കുലർ 2021 ജനുവരി 3-ാം തീയതി വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3414 /K-5/KCBC/OL/DS 24-12-2020

# 2021 ജനുവരി 15 കർഷകദിനം

## കെ.സി.ബി.സി. ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയമുള്ളവരേ,

രാജ്യത്തിന്റെ നട്ടെല്ലാണ് കർഷകർ. പാടത്തും പറമ്പിലും രാപകലില്ലാതെ അദ്ധ്വാനിക്കുന്ന കർഷകന്റെ വിയർപ്പിന്റെ ഫലമാണ് അന്നം. വ്യക്തികളും കുടുംബങ്ങളും രാഷ്ട്രം മുഴുവനും കർഷകരോടു കടപ്പെട്ടിരിക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ ആഹരിച്ച് ലഭിക്കുന്ന ഊർജ്ജത്തിന്റെ പിൻബലമില്ലാതെ ഒരു വ്യവസായവും ഒരു വികസനവും സാധ്യമല്ല. ദൈവത്തെപ്പോലും ഒരു പ്രാപഞ്ചിക കർഷകനായി ചിത്രീകരിക്കുന്ന 65-ാം സങ്കീർത്തനം ഫലത്തിൽ, കാർഷികവൃത്തിയുടെ ദൈവികഭാവത്തെയാണ് വെളിപ്പെടുത്തുന്നത്.

അടുത്തകാലത്ത് കേന്ദ്ര സർക്കാർ കാർഷികമേഖലയിൽ കൊണ്ടുവന്ന പുതിയ നിയമങ്ങൾ ഈ രാജ്യത്തെ സാധാരണ കർഷകനുമേൽ കനത്ത പ്രഹരമാണ് ഏല്പിച്ചിരിക്കുന്നത്. കൃഷി വിശുദ്ധമായ ഒരു ജീവിതവൃത്തിയായി കണക്കാക്കുന്ന കോടിക്കണക്കിന് മനുഷ്യരുള്ള ഈ രാജ്യത്തിന്റെ ഭരണകർത്താക്കൾ രാജ്യത്തിന്റെ കാർഷിക പാരമ്പര്യത്തെ കോർപ്പറേറ്റ് വ്യവസായ ഭീമൻമാർക്ക് തീറെഴുതിക്കൊടുക്കാനുള്ള ശ്രമമാണ് ഈ പുതിയ നിയമങ്ങൾ പ്രഖ്യാപിക്കുകവഴി നടത്തിയത്.

അന്നമുണ്ടാക്കുന്നവരുടെ അന്നംമുട്ടിക്കാനുള്ള ശ്രമങ്ങൾക്കെതിരെ രാജ്യമെമ്പാടുമുള്ള കർഷകജനത ഉണർന്നെഴുന്നേല്ക്കുന്നതിന്റെ ചിത്രമാണ് ഇക്കഴിഞ്ഞ നാളുകളിൽ ഡൽഹിയിൽ നാം കണ്ടത്. സംഘടിക്കാനും സമരം ചെയ്യാനും സമയമില്ലാത്ത കർഷകർ, കൃഷിയിടങ്ങൾ വിട്ട് തെരുവീഥികളിലേക്കിറങ്ങിയത് നിശബ്ദരായിരുന്നാൽ നിലനില്പുതന്നെ അപകടത്തിലാകുമെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ്. നിരവധി സ്വതന്ത്രകർഷകസംഘടനകളുടെ കൂട്ടായ്മയാണ് ഈ സമരത്തെ നയിച്ചത്. അസംഘടിതരായ കർഷകർ തങ്ങൾ സംഘടിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകഴിഞ്ഞു.

നിശബ്ദമായി അദ്ധ്വാനിക്കുന്ന കർഷകന്റെ ശബ്ദമാകാൻ രണ്ട് പതിറ്റാണ്ടു മുമ്പ് സ്ഥാപിതമായ കർഷകസംഘടനയാണ് ഇൻഫാം. കർഷകരോടൊപ്പം നിന്ന് കർഷകരുടെ പ്രശ്നങ്ങൾ സർക്കാരുകളുടെ ശ്രദ്ധയിൽ പെടുത്താനും കർഷകർക്കനുകൂലമായ നിരവധി തീരുമാനങ്ങൾ നേടിയെടുക്കാനും കഴിഞ്ഞ കാലങ്ങളിൽ ഇൻഫാമിന് കഴിഞ്ഞിട്ടുണ്ട്. രാജ്യമെമ്പാടുമുള്ള കർഷകജനത സംഘടിക്കാനും ഒന്നിച്ച് നിന്ന് അവകാശങ്ങൾക്കുവേണ്ടി പോരാടാനും സന്നദ്ധരായിരിക്കുമ്പോൾ കേരളത്തിലെ കർഷകജനതയും ഉണർന്നെഴുന്നേൽക്കേണ്ടതുണ്ട്. ഈ കർഷകമുന്നേറ്റത്തിന് നേതൃത്വം നല്കാൻ മത, രാഷ്ട്രീയ ഭേദമെന്യേ സകല കർഷകരെയും ഒന്നിപ്പിച്ചുനിർത്തുന്ന ഒരു സ്വതന്ത്രകർഷകസംഘടന എന്ന നിലയിൽ ഇൻഫാമിന് സാധിക്കും.

കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന വന്യമൃഗശല്യത്തിനെതിരേ ഇൻഫാം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിരന്തരമായി നല്കിയ നിവേദനങ്ങളുടെയും വിവിധതലങ്ങളിൽ നടത്തിയ ചർച്ചകളുടെയും ഫലമായി വിവിധ സ്ഥലങ്ങളിൽ സൗരോർജ്ജവേലികൾ, ആനമതിലുകൾ തുടങ്ങിയവ നിർമ്മിക്കാനാരംഭിക്കുകയും കാട്ടുപന്നികളെ വെടിവെയ്ക്കാനുള്ള ഉത്തരവുണ്ടാവുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇനിയും ഈ വിഷയത്തിൽ സർക്കാരുകൾ കർഷകപക്ഷത്തുനിന്നുകൊണ്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. അതിനുള്ള സമ്മർദ്ദം ഇൻഫാം തുടർന്നുകൊണ്ടാണിരിക്കുന്നത്.

നിരവധി കർഷകരെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ വന്യമൃഗസങ്കേതങ്ങൾക്ക് ചുറ്റും ബഫർസോൺ പ്രഖ്യാപിച്ച വിഷയത്തിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ വിവിധ കർഷക സംഘടനകൾ ചേർന്നു നടത്തിയ സമരങ്ങളും സമ്മർദ്ദങ്ങളും പുനർവിചിന്തനത്തിന് സർക്കാരിനെ പ്രേരിപ്പിച്ചു. നിശബ്ദരായിരുന്നാൽ കർഷകന്റെ ഭൂമി കയ്യേറുന്നതിനോ കുടിയിറക്കിവിടുന്നതിനോ ഒരു സർക്കാരുകളും മടിക്കില്ല എന്നതിന്റെ തെളിവാണ് ബഫർസോൺ വിഷയം. എന്നാൽ കർഷകൻ ഒന്നിച്ചുനിന്നാൽ കരിനിയമങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനാവുമെന്ന് ബഫർ സോൺ വിഷയത്തിലുള്ള ഇടപെടലുകളും ഡൽഹിയിലെ കർഷകസമരവും നമ്മെ ബോധ്യപ്പെടുത്തുകയാണ്.

ഇൻഫാം കുറേക്കാലമായി മുന്നോട്ടുവച്ചിട്ടുള്ള ആശയമായ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളും മൂല്യവർദ്ധിത ഉൽപന്നങ്ങളായി കാർഷികവിഭവങ്ങളെ മാറ്റാനുള്ള സംരംഭങ്ങളും കേന്ദ്ര സർക്കാർ

ഉത്തേജക പാക്കേജിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചത് ശുഭോദർക്കമായ കാര്യമാണ്. വിവിധ രൂപതകളുടെ നേതൃത്വത്തിൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കർഷകർക്കൊപ്പം നില്ക്കാനും അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനുമുള്ള ഇത്തരം സംരംഭങ്ങളെ ബഹുജന പിന്തുണ നല്കി പ്രോത്സാഹിപ്പിക്കുവാൻ ഇൻഫാം മുൻപന്തിയിലുണ്ടാകും.

കർഷക സംഘടനകളെ തളർത്തുകയും ഇല്ലാതാക്കുകയും ചെയ്യുക ഭരണകൂടങ്ങളുടെയും കോർപ്പറേറ്റ് മുതലാളിമാരുടെയും അജണ്ടയാണ്. കർഷകരെ ചൂഷണം ചെയ്ത് കീശവീർപ്പിക്കാനാഗ്രഹിക്കുന്നവർക്ക് എപ്പോഴും വിലങ്ങുതടിയായി നില്ക്കുന്നതും അവരുടെ കുടില പദ്ധതികളെ തകർക്കുന്നതും കർഷകന്റെ സംഘടിതശക്തിയാണ്. കർഷകസംഘടനകൾ ദുർബലമാവുകയോ തകരുകയോ ചെയ്താൽ കർഷകർ അടിമകളാകാമെന്നും നിരാലംബരായിത്തീരുമെന്നതും ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ഇൻഫാം എന്ന കർഷക പ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടതും ഊർജ്ജസ്വലമാക്കേണ്ടതും കാലത്തിന്റെ ആവശ്യമാണ്.

ജനുവരി 15-ാം തീയതി ഇൻഫാം കർഷകദിനമായി ആചരിക്കുകയാണ്. എല്ലാ രൂപതകളും ഇടവകകളും കർഷകദിനം സമുചിതമായി ആചരിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഏറ്റവും പ്രധാനമായി ഇൻഫാം യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും യൂണിറ്റുകൾ ആരംഭിക്കുവാൻ രൂപതാ ഡയറക്ടർമാരും ഇടവക വികാരിമാരും മുൻകൈ എടുക്കണം. കർഷകദിനത്തോടനുബന്ധിച്ച് കാർഷികസെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, വെബിനാറുകൾ തുടങ്ങിയവ നടത്തണം. മാതൃകാ കർഷകരെ ആദരിക്കുവാനും പുതുതലമുറയെ കാർഷികവൃത്തിയിൽ പ്രോത്സാഹിപ്പിക്കുവാനും ഉതകുന്ന പരിപാടികൾ സംഘടിപ്പിക്കണം.

കാർഷികവൃത്തിക്ക് പുതിയ ഉണർവും ഉന്മേഷവും നല്കുന്നപദ്ധതികൾ നടപ്പിലാക്കുകയും കർഷകന്റെ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്ന ബഹുജന സംഘടനയായി പ്രവർത്തിക്കുകയും ചെയ്യുന്ന ഇൻഫാമിനെ പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ ഉന്നമനത്തിനുവേണ്ടിയുള്ള വിവിധ പദ്ധതികൾക്ക് നേതൃത്വം നല്കുകയും ചെയ്യുന്ന അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും ഇൻഫാം പ്രവർത്തക

രെയും നേതാക്കളെയും നന്ദിയോടെ ഓർമ്മിക്കുന്നു. എല്ലാവർക്കും കർഷകദിനത്തിന്റെ ആശംസകൾ നേരുന്നു.

ആകാശത്തിലെ പറവകളെ തീറ്റിപ്പോറ്റുകയും വയലിലെ ലില്ലികളെ പരിപാലിക്കുകയും ചെയ്യുന്ന നല്ലവനായ ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശിസ്സുകളോടെ,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

..............................................

N.B.: ഈ സർക്കുലർ 2021 ജനുവരി 10-ാം തീയതി വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

---

## For the Archdiocesan Directory 2021

Please fill and send to the Archdiocesan Curia as soon as possible

Church Name:............ Place:............ Address:............

Tel. No. :............ Mobile:............ E-mail:............


No. Family Units:............ No. Houses:............

No. Male:............ No. Female:............ Total Population:..........

Name and full details of
Institutions/Convents under the Parish territory:..........

Send to: **directoryekm@gmail.com**


# E N G A G E M E N T S



## George Cardinal Alencherry
### Archbishop

**JANUARY 2021**

| | | | |
|---|---|---|---|
| 4 | am | Puthenpally | Priestly Ordination - Dn. Thomas Therully |
| 5 | am | Chathamma | Priestly Ordination - Dn. Xavier (Binoy) Panatt |
| 11 - 16 | | Mount St. Thomas | Syro-Malabar Bishops' Synod |
| 19 | am | Changanassery | Priests' Home |
| 21 | am | Mangalapuzha Seminary | Centenary celebrations of SH League and Mathavum Chinthayum |
| 24 | am | Koothrappally | SABS Provincial House |
| 26 | am | Mount St. Thomas | Reception for new priests from the Archeparchy of Ernakulam-Angamlay |



## Archbishop Antony Kariyil
### Vicar of the Major Archbishop

**JANUARY 2021**

| | | | |
|---|---|---|---|
| 4 | pm | Asokapuram | Ordination - Dn. John Paul Thettayil |
| 6 | am | Kakkanad | PDDP Meeting |
| 10 | am | Kavaraparambu | Church Blessing |
| 11 - 16 | | Mount St. Thomas | Syro-Malabar Bishops' Synod |
| 18 | am | Keechery | Ordination - Dn. Freddy Kottoor |
| 20 | pm | Muttam | Holy Mass |

| | | | |
|---|---|---|---|
| 21 | pm | South Parur | Chapel Blessing (SABS) |
| 23 | am | East Cheranalloor | Ordination - Dn. Shelbin Manickathan ISH |
| 25 | am | Thrikkakara | CST Generala Synaxis, Holy Mass |
| 26 | am | Karukutty | Ordination - Dn. Jinto Kodiyan VC |
| 29 | pm | Thrikkakara | Naipunnya Public School - Annual Day |
| 30 | pm | Aluva | CST Minor Seminary 60th Jubilee - Holy Mass |

## FEBRUARY 2021

| | | | |
|---|---|---|---|
| 2 | am | Keezhmadu | SDB Seminary Silvar Jubilee - Holy Mass |
| 6 | am | Olive Mount | Ordination - Dn. Jithin Punnassery OFM Conv. |
| 7 | am | Renewal Centre | *Samarpithasangamam* - Webinar |

* * * * *

## ചരമ വാർഷികം



### മാർ അഗസ്റ്റിൻ കണ്ടത്തിൽ

കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്തയുടെ 65-ാം ചരമ വാർഷികം ജനുവരി 10-ാം തീയതി യാണ്. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥി ക്കണമെന്നോർമ്മിപ്പിക്കുന്നു. ജനുവരി 10-ാം തീയതി ഞായറാഴ്ച ആയതിനാൽ 11-ാം തീയതി തിങ്ക ളാഴ്ച വൈകിട്ട് 6.00 മണിക്ക് അഭിവന്ദ്യ പിതാവിനുവേണ്ടി എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ ദിവ്യബലിയും പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജോസ് പുതിയേടത്ത്**
**സിഞ്ചെല്ലൂസ്**

# ജൂബിലി മംഗളങ്ങൾ

## സുവർണ്ണജൂബിലി (1971-72 - 2021-22)




1) റവ. ഫാ. വർഗീസ് കളപ്പറമ്പത്ത്
2) റവ. ഫാ. ജോബ് കൂട്ടുങ്കൽ
3) റവ. ഫാ. മാത്യു മംഗലത്ത്
4) റവ. ഫാ. സഖറിയാസ് പറനിലം
5) റവ. ഫാ. ജോർജ് പുത്തൻപുര
6) റവ. ഫാ. ജോൺ തോട്ടുപുറം

## രജതജൂബിലി (1996-97 - 2021-22)




1) റവ. ഫാ. ജോസ് ചാതേലി
2) റവ. ഫാ. ജോയ് കോലഞ്ചേരി
3) റവ. ഫാ. സെബാസ്റ്റ്യൻ മാടശ്ശേരി
4) റവ. ഫാ. ചെറിയാൻ നേരേവീട്ടിൽ
5) റവ. ഫാ. സൈമൺ പള്ളുപ്പെട്ട
6) റവ. ഫാ. ഷാജൻ പുത്തൻപുരയ്ക്കൽ
7) റവ. ഫാ. ജോഷി പുതുവ
8) റവ. ഫാ. ജെറ്റോ തോട്ടുങ്കൽ
9) റവ. ഫാ. ജോൺസൺ വല്ലൂരാൻ
10) റവ. ഫാ. ജോഷി വേഴപ്പറമ്പിൽ

*പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന എല്ലാ ജൂബിലേറിയൻസിനും അതിരൂപതയുടെ മംഗളാശംസകളും പ്രാർത്ഥനയും സ്നേഹപൂർവ്വം നേരുന്നു.*

# കച്ചേരിക്കാര്യം

## സമർപ്പിതദിനം

നമ്മുടെ അതിരൂപതയിൽ ഈ വർഷത്തെ സമർപ്പിത ദിനം **ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ** വച്ച് നടത്തുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പരിമിതമായ അംഗങ്ങളെ ഉൾക്കൊള്ളിച്ചു മാത്രമാണ് ഇത് നടത്തുന്നത്.


എല്ലാ സന്ന്യാസിനീ-സന്ന്യാസ സഭാ മേജർ സുപ്പീരിയേഴ്സിനെയും, സന്ന്യാസസമർപ്പണത്തിന്റെ സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്നവരെയും, ആദ്യവ്രതം, നിത്യവ്രതം ചെയ്തവരെയും, നവവൈദികരേയും ഈ സംഗമത്തിലേക്ക് ക്ഷണിക്കുന്നു.

| | | |
|---|---|---|
| 9.30 | - | രജിസ്ട്രേഷൻ |
| 10.00 | - | വിശുദ്ധ കുർബാന |
| 11.30 | - | അനുമോദന സമ്മേളനം |
| 01.00 | - | ഉച്ചഭക്ഷണം |

സംഗമത്തിൽ പങ്കെടുക്കുന്നവരുടെ പേരുകൾ **2021 ജനുവരി 15-ാം തീയതി**ക്കു മുമ്പായി വൈസ് ചാൻസലർ ഫാ. ജസ്റ്റിൻ കൈപ്രമ്പാടനെ (9387074502) അറിയിക്കേണ്ടതാണ്.

E-Mail: **curiaekm@hotmail.com**

**ഫാ. ജോസ് പുതിയേടത്ത്**
**സിഞ്ചെല്ലൂസ്**




**Sacerdotal Directory 2020** പ്രസിദ്ധീകരിച്ചു.

കോപ്പികൾ ജനുവരി മാസം മുതൽ അതാത് ഫൊറോനാ പള്ളിയിൽനിന്ന് അച്ചന്മാർക്ക് ലഭിക്കുന്നതാണ്.

ഓഫീസ് സെക്രട്ടറി

## അതിരൂപതാ കച്ചേരിയുടെ മുദ്രപ്പത്രം

അതിരൂപതാ കച്ചേരിയുടെ മുദ്രപ്പത്രത്തിന്റെ വില 2021 ജനുവരി മുതൽ **ഇരുപത് രൂപ**യായിരിക്കും. അതിരൂപതയിലേക്കുള്ള എല്ലാ അപേക്ഷകളും അതിരൂപതാ കച്ചേരിയുടെ മുദ്രപ്പത്രത്തിലാണ് സമർപ്പിക്കേണ്ടത്. അല്ലാത്തവ പരിഗണിക്കുന്നതല്ല. മുദ്രപ്പത്രത്തിന്റെ കോപ്പി ഉപയോഗിക്കുവാൻ പാടുള്ളതല്ല.

പഴയനിരക്കിലുള്ള മുദ്രപ്പത്രം കൈവശമുള്ളവർ അത് തുടർന്നും ഉപയോഗിക്കാവുന്നതാണ്.

**ചാൻസലർ**

**അനുവാചകർക്ക്**
**ദൈവാനുഗ്രഹപ്രദമായ**
**പുതുവത്സരാശംസകൾ!!!**

# വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തിൽ നടത്താവുന്ന ചില കർമ്മപരിപാടികൾ

1) ജനുവരി 10-ാം തീയതി ഞായറാഴ്ച യൗസേപ്പിതാവിന്റെ വർഷത്തിന്റെ ഉദ്ഘാടന ദിനമായി ആചരിക്കുന്നു. അന്നേ ദിവസം കുർബാനയ്ക്കു മുൻപായി വി. യൗസേപ്പിതാവിന്റെ തിരുസ്വരൂപം പള്ളിയിൽ അലങ്കരിച്ചൊരുക്കിയ പീഠത്തിൽ ആഘോഷമായി പ്രതിഷ്ഠിക്കുക. തുടർന്ന്, വി. യൗസേപ്പിതാവിന്റെ സ്തുതിക്കായി വി. കുർബാന അർപ്പിച്ച ലദീഞ്ഞ് നടത്തുക.

2) വി. യൗസേപ്പിതാവിനോടുള്ള മാദ്ധ്യസ്ഥ്യപ്രാർത്ഥന എല്ലാ ദിവസവും കുടുംബപ്രാർത്ഥനയ്ക്കുശേഷം എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ചൊല്ലുക.

3) മാർച്ച് 19-ാം തീയതി വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ എല്ലാ ദേവാലയങ്ങളിലും ലളിതമായി ആചരിക്കുക. നന്മരണത്തിന്റെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിനോട് പ്രാർത്ഥിക്കാൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കുക.

4) മെയ് 1-ാം തീയതി തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ സമുചിതമായി ആചരിക്കുക. അന്നേദിവസം ഇടവകയിലെ തൊഴിലാളികളെ ആദരിക്കുകയും തൊഴിലിനെ ആദരിക്കാൻ തൊഴിലാളികളെ ആഹ്വാനം ചെയ്യുകയും ചെയ്യുക.

5) വിശുദ്ധ യൗസേപ്പിതാവിന്റെ രൂപം/ചിത്രം എല്ലാ ഭവനങ്ങളിലും സ്ഥാപിക്കുവാൻ പ്രോത്സാഹിപ്പിക്കുക.

6) എല്ലാ മാസത്തിന്റെയും ആദ്യ ബുധനാഴ്ച വി. യൗസേപ്പിതാവിന്റെ ദിനമായി ആചരിക്കുകയും അന്നേദിവസം വിശുദ്ധന്റെ സ്തുതിക്കായി കുർബാന അർപ്പിക്കുകയും വി. യൗസേപ്പിതാവിനോടുള്ള നൊവേനപ്രാർത്ഥന നടത്തുകയും ചെയ്യുക.

7) ഓരോ മാസാദ്യ ബുധനാഴ്ചയും വി. യൗസേപ്പിതാവിന്റെ ജീവിതത്തിലെ ഓരോ പ്രത്യേക ഗുണവിശേഷം ആസ്പദമാക്കി ചെറിയ ഒരു പ്രബോധനം നടത്തുകയും ആ ഗുണവിശേഷങ്ങൾ സ്വന്തമാക്കി വളരുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

**ഓരോ മാസത്തിലും അനുസ്മരിക്കുന്ന പ്രത്യേക ഗുണവിശേഷങ്ങൾ**

| | | |
|---|---|---|
| ജനുവരി | : | യേശുവിന്റെ വളർത്തുപിതാവ് |
| ഫെബ്രുവരി | : | തിരുക്കുടുംബത്തിന്റെ പാലകൻ |
| മാർച്ച് | : | മറിയത്തിന്റെ വിശ്വസ്ത ഭർത്താവ് |
| ഏപ്രിൽ | : | തിരുസഭയുടെ പാലകൻ |
| മെയ് | : | തൊഴിലാളികളുടെ മദ്ധ്യസ്ഥൻ |
| ജൂൺ | : | കന്യാവ്രതക്കാരുടെ കാവൽക്കാരൻ |
| ജൂലൈ | : | നീതിമാനും വിശ്വസ്തനും |
| ആഗസ്റ്റ് | : | ശാന്തനും സൗമ്യശീലനും |
| സെപ്റ്റംബർ | : | ദൈവിക നിർദ്ദേശങ്ങൾ അനുസരിച്ചവൻ |
| ഒക്ടോബർ | : | നിയമങ്ങളുടെ വിശ്വസ്ത പാലകൻ |
| നവംബർ | : | നന്മരണത്തിന്റെ മദ്ധ്യസ്ഥൻ |
| ഡിസംബർ | : | കുടുംബ നാഥന്മാരുടെ ഉത്തമമാതൃക |

ഓരോ മാസത്തിലും അനുസ്മരിക്കുന്ന വി. യൗസേപ്പിതാവിന്റെ ജീവിതത്തിലെ പ്രത്യേക ഗുണവിശേഷത്തെക്കുറിച്ചുള്ള വിചിന്തനങ്ങൾ അതാതു മാസം മിസ്സത്തിൽ നൽകുന്നതാണ്.

8. ഡിസംബർ 8-ാം തീയതിയോ അതിനോടടുത്തുവരുന്ന ഞായറാഴ്ചയോ വി. യൗസേപ്പിതാവിന്റെ സ്തുതിക്കായി വി. കുർബാന അർപ്പിച്ച് ലദീഞ്ഞ് നടത്തുക. അന്നേദിവസം ജോസഫ് നാമധാരികളുടെ സംഗമം സംഘടിപ്പിക്കുന്നത് നന്നായിരിക്കും. തുടർന്ന്, നേർച്ച വിതരണം ചെയ്ത് യൗസേപ്പിതാവിന്റെ വർഷത്തിന്റെ സമാപനം നടത്തുക.

# വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തിൽ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും ചൊല്ലാനുള്ള പ്രാർത്ഥന

ദൈവപുത്രനായ ഈശോമിശിഹായുടെ വളർത്തുപിതാവും തിരുക്കുടുംബത്തിന്റെ പാലകനുമായ വിശുദ്ധ യൗസേപ്പിതാവേ, അങ്ങയുടെ മദ്ധ്യസ്ഥതയ്ക്ക് പ്രത്യേകമായി സമർപ്പിതമായ ഈ വർഷത്തിൽ ഞങ്ങൾ അങ്ങയെ ഞങ്ങളുടെ മദ്ധ്യസ്ഥനും പാലകനുമായി ഏറ്റുപറയുന്നു. തിരുസഭയുടെ കാവൽക്കാരനായ അങ്ങയെ ഞങ്ങൾ വണങ്ങുന്നു. ദൈവഹിതത്തിന് പൂർണ്ണമായും കീഴ്‌വഴങ്ങിക്കൊണ്ട് മറിയത്തെ ഭാര്യയായി സ്വീകരിക്കുകയും, ഉണ്ണിയീശോയെ ഹേറോദേസിന്റെ കരങ്ങളിൽനിന്നു രക്ഷിക്കുവാനായി ഈജിപ്തിലേക്ക് പലായനം ചെയ്യുകയും, അദ്ധ്വാനപൂർണ്ണമായ ജീവിതംവഴി തിരുക്കുടുംബത്തെ സംരക്ഷിച്ചു പരിപാലിക്കുകയും ചെയ്ത അങ്ങയുടെ മാതൃക അനുസരിച്ച് ദൈവതിരുമനസിന് കീഴ്‌വഴങ്ങി ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളേയും ഞങ്ങളുടെ കുടുംബങ്ങളേയും നശിപ്പിക്കുവാൻ ശ്രമിക്കുന്ന എല്ലാ തിന്മയുടെ ശക്തികളിൽനിന്നും അങ്ങയുടെ മദ്ധ്യസ്ഥതയാൽ ഞങ്ങളെ കാത്തുരക്ഷിക്കണമെ. ഭൂമിയിൽ സ്വർഗ്ഗീയപിതാവിന്റെ നിഴലായി ജീവിച്ച മഹത്വമുള്ള പിതാവേ അങ്ങയുടെ വാത്സല്യമാർന്ന സ്നേഹത്താൽ ഞങ്ങളേയും സ്വന്തമായി കരുതി സംരക്ഷിക്കണമെ. പിതാവായ ദൈവത്തിന് പ്രീതികരമായ ജീവിതം നയിച്ച് അവിടുത്തെ പ്രസാദിപ്പിച്ച അങ്ങയുടെ ജീവിത മാതൃക അനുകരിച്ച് നിർമ്മലമായ ജീവിതം നയിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. എപ്പോഴും എവിടെയും ദൈവഹിതാനുസരണം ജീവിക്കുവാനും, ദൈവം ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിറവേറ്റിക്കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാനും ആവശ്യമായ അനുഗ്രഹം അങ്ങേ തിരുക്കുമാരനിൽനിന്ന് ഞങ്ങൾക്കായി വാങ്ങി തരേണമേ. ആമ്മേൻ.

# EXCARDINATION



## ഫാ. ഫ്രാൻസിസ് കോലഞ്ചേരി

എറണാകുളം-അങ്കമാലി അതിരൂപത വൈദികനായ ബ. ഫ്രാൻസിസ് കോലഞ്ചേരി അച്ചൻ **മെൽബൺ സീറോമലബാർ രൂപത**യുടെ സ്ഥിരാംഗമായി (incardinate) ചേർന്നിരിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിൽ അച്ചൻ ചെയ്ത സ്തുത്യർഹമായ സേവനങ്ങൾക്ക് അതിരൂപത നന്ദി പ്രകാശിപ്പിക്കുകയും പുതിയ രൂപതയിലെ സേവനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്യുന്നു.

ചാൻസലർ

---

# Deivadan Sisters (DDS), Malayattoor



| | | |
|---|---|---|
| Superior General | : | Sr. Jiji DDS |
| First Councillor | : | Sr. Symm DDS |
| Councillor | : | Sr. Jemy DDS |
| Councillor | : | Sr. Joicy DDS |
| Councillor | : | Sr. Judy DDS |
| Finance Officer | : | Sr. Minto DDS |

*Congratulations and Prayerful Wishes to the New Office-Bearers*



# നിര്യാതരായി



## സി. ആർലിൻ C.M.C.

ചാവറ സദൻ, കൈപ്ര, ശ്രീമൂലനഗരം
ജനനം : 21/01/1944
വ്രതവാഗ്ദാനം : 28/05/1969
മരണം : 23/12/2020



## സി. എൽസി C.S.N.

(സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം)
ജനനം : 07/04/1948
വ്രതവാഗ്ദാനം : 31/05/1972
മരണം : 14/12/2020



## സി. ഫ്രാൻസിറ്റ F.C.C.

അസ്സീസി ഭവൻ, എറണാകുളം നോർത്ത്
ജനനം : 31/01/1941
വ്രതവാഗ്ദാനം : 07/05/1963
മരണം : 02/12/2020



## സി. റോസിലി പോൾ F.C.C.

ജ്യോതി ഭവൻ, അങ്കമാലി
ജനനം : 03/01/1939
വ്രതവാഗ്ദാനം : 04/05/1966
മരണം : 02/12/2020

## വാർത്തകളും വിശേഷങ്ങളും

# വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം: ദണ്ഡവിമോചനത്തിനു 15 മാർഗങ്ങൾ

വി. യൗസേപ്പിതാവിന്റെ വർഷത്തിൽ (ഡിസംബർ 8, 2020 - ഡിസംബർ 8, 2021) ദണ്ഡവിമോചനം നേടുന്നതിനുള്ള 15 മാർഗങ്ങൾ വത്തിക്കാൻ അപ്പസ്തോലിക് പെനിറ്റെൻഷ്യറി അറിയിച്ചു. കൗദാശികമായ കുമ്പസാരം, ദിവ്യകാരുണ്യസ്വീകരണം, മാർപാപ്പയുടെ നിയോഗങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന, അനുദിന ജോലികളെ തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിന്റെ സംരക്ഷണത്തിനു സമർപ്പിക്കൽ, കുടുംബാംഗങ്ങളോടൊത്തുള്ള ജപമാല എന്നിവയ്ക്കൊപ്പം ഈ പതിനഞ്ചു കാര്യങ്ങളിലേതെങ്കിലും ചെയ്യുന്നവർക്കാണു ദണ്ഡവിമോചനം പ്രഖ്യാപിച്ചിട്ടുള്ളത്.

1) വി. യൗസേപ്പിതാവിനെക്കുറിച്ചുള്ള വിചിന്തനം ഉൾക്കൊള്ളുന്ന ഏകദിനധ്യാനത്തിൽ സംബന്ധിക്കുക.
2) തൊഴിൽ രഹിതർക്ക് അന്തസ്സുള്ള തൊഴിൽ ലഭിക്കുന്നതിനു വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥത്തിനായി പ്രാർത്ഥിക്കുക.
3) മർദ്ദനം നേരിടുന്ന ക്രൈസ്തവർക്കായി വി. യൗസേപ്പിതാവിന്റെ ലുത്തിനിയ ചൊല്ലുക.
4) അനുദിന ജോലി തൊഴിലാളിയായ വി. യൗസേപ്പിതാവിന്റെ സംരക്ഷണത്തിനു സമർപ്പിക്കുക.
5) വി. യൗസേപ്പിതാവിന്റെ മാതൃക പിന്തുടർന്ന് ഒരു ശാരീരിക കാരുണ്യപ്രവൃത്തി ചെയ്യുക. വിശക്കുന്നവർക്ക് ആഹാരം, ദാഹിക്കുന്നവർക്കു കുടിവെള്ളം, നഗ്നർക്കു വസ്ത്രം, ഭവനരഹിതർക്ക് അഭയം, തടവുപുള്ളികളെ സന്ദർശിക്കൽ, രോഗീസന്ദർശനം, മരിച്ചവരെ അടക്കൽ തുടങ്ങിയവയാണ് കാരുണ്യപ്രവൃത്തികൾ.
6) ഒരു ആത്മീയ കാരുണ്യപ്രവൃത്തി ചെയ്യുക. ദുഃഖിതരെ ആശ്വസിപ്പിക്കുക, സന്ദേഹികൾക്ക് ഉപദേശം നൽകുക, അറിവില്ലാത്തവരെ പഠിപ്പിക്കുക, ക്ഷമിക്കുക, മറ്റുള്ളവർക്കായി പ്രാർത്ഥിക്കുക തുടങ്ങിയവയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.
7) കുടുംബാംഗങ്ങൾക്കൊപ്പം ജപമാല ചൊല്ലുക.
8) വിവാഹനിശ്ചയം ചെയ്തവർക്കും ഒരുമിച്ചു ജപമാല ചൊല്ലിയാൽ ദണ്ഡവിമോചനം ലഭിക്കും.

9) 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയെക്കുറിച്ച് ചുരുങ്ങിയത് അരമണിക്കൂർ ധ്യാനിക്കുക.

10) വി. യൗസേപ്പിതാവിന്റെ ഞായറാഴ്ച (ക്രിസ്മസിനുശേഷമുള്ള ഞായർ) വി. യൗസേപ്പ് പിതാവിനോടുള്ള ഏതെങ്കിലും അംഗീകൃത പ്രാർത്ഥന ചൊല്ലുക.

11) മാർച്ച് 19 നു വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ ആഘോഷിക്കുക.

12) ഏതു മാസത്തിലെയും 19-ാം തീയതി വി. യൗസേപ്പിനോടുള്ള അംഗീകൃത പ്രാർത്ഥന ചൊല്ലുക.

13) ഒരു ബുധനാഴ്ച വി. യൗസേപ്പ് പിതാവിനോടുള്ള ആദരസൂചകമായി ഒരു ഭക്തകൃത്യം അനുഷ്ഠിക്കുകയോ പ്രാർത്ഥന ചൊല്ലുകയോ ചെയ്യുക.

14) തിരുക്കുടുംബ തിരുനാളായ ഡിസംബർ 29-ന് വി. യൗസേപ്പ് പിതാവിനോടു പ്രാർത്ഥിക്കുക.

15) മെയ് 1-ന് തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിന്റെ തിരുനാൾ ഒരു ഭക്തകൃത്യമോ പ്രാർത്ഥനയോ സഹിതം ആഘോഷിക്കുക.

---

# Dispensation from Religious Vows

Rev. Fr. Benny Joseph Mukalel CMI (Provincial, CMI Chanda Province) has informed the Archbishop that **Rev. Fr. Ajin (Thoma) Paulose Nellikanathil CMI** (from St. Jacob's Church, Bethel - Eparchy of Idukki) at present member of Tera Nur, Chanda Mission House, Thaikkattukara, Aluva, belonging to the Congregation of Carmelites of Mary Immaculate, has been given dispensation from the Religious Vows with effect from 02 September 2020.

Based on this information, **Rev. Fr. Ajin (Thoma) Paulose Nellikanathil CMI** shall not be admitted for discharging of any priestly ministry in any parish or institution in the Archeparchy of Ernakulam-Angamaly, until further orders to the contrary.

Chancellor
Archeparchy of Ernakulam-Angamaly

# വിശ്വാസപരിശീലനകേന്ദ്രം

## ഏവർക്കും പുതുവൽസരാശംസകൾ!!!

ഫൊറോന കാറ്റിക്കിസം ഡയറക്ടർ അച്ചൻമാരും സെക്രട്ടറി സിസ്റ്റർ മാരും പ്രൊമോട്ടർമാരും ഡിസംബർ 8-നു കൂടിയ സംയുക്ത ഓൺ ലൈൻ മീറ്റിങ്ങിൽ എടുത്ത തീരുമാനപ്രകാരം വാർഷികപരീക്ഷയെ ക്കുറിച്ചുള്ള നിർദ്ദേശങ്ങളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും നൽകിയിട്ടുള്ള Prot. No. 12122020/72-ലെ കത്ത് ശ്രദ്ധിക്കുമല്ലോ.

മിസ്സത്തിലൂടെയും (ഡിസംബർ, പേജ് 30-32) വിശ്വാസപരിശീലനകേന്ദ്ര ത്തിൽ നിന്നും നൽകിയ കത്തിലൂടെയും (Prot. No. 12112020/65 dated 12/11/2020) നിർദ്ദേശിച്ച സിലബസിനെ ഒന്നുകൂടി ലഘൂകരിച്ച്, catechismernakulam YouTube -ൽ നിന്നും വീഡിയോകൾ കണ്ടുള്ള അസൈൻമെന്റ്സും Social Commitment Videoയും ഒഴിവാക്കിയിരിക്കുന്നു. പത്താംക്ലാസ്സിലെ ഒഴിവാക്കിയ അദ്ധ്യായങ്ങളിലും മാറ്റം വരുത്തി യിട്ടുണ്ട്.

1) പത്താംക്ലാസ്സ് വാർഷികപരീക്ഷ : ജനുവരി 31-ാം തീയതി. സമയം 10.30 a.m.-12.00 p.m. (4, 5, 15 എന്നീ അദ്ധ്യായങ്ങൾ പരീക്ഷയിൽ നിന്നും ഒഴിവാക്കുന്നു)

2) ഒന്നാംവർഷ ഡിപ്ളോമ വാർഷികപരീക്ഷ: ജനുവരി 31-ന്. സമയം 2.00 p.m.-3.30 p.m. (ഏഴു മുതൽ പന്ത്രണ്ട് വരെയുള്ള അദ്ധ്യായ ങ്ങളിൽ നിന്നുമായിരിക്കും പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ.)

3) രണ്ടാംവർഷ ഡിപ്ളോമ വാർഷികപരീക്ഷ: ജനുവരി 31-ന്. സമയം 4.00p.m.-5.30 p.m. (ഏഴു മുതൽ പന്ത്രണ്ട് വരെയുള്ള അദ്ധ്യായ ങ്ങളിൽ നിന്നുമായിരിക്കും പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ.)

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1) ഈ വർഷം ഇടവകതലത്തിലാണ് അസൈൻമെന്റ്സിൻെറയും പരീക്ഷകളുടെയും മൂല്യനിർണ്ണയം നടത്തേണ്ടത്.

2) ചില ഇടവകകളിൽ കുട്ടികളുടെ എണ്ണം കൂടുതൽ ഉള്ളതുകൊണ്ട് അസൈൻമെന്റ്സിൻെറയും ഉത്തരക്കടലാസ്സിന്റെയും വാല്യൂ

വേഷനു വികാരിയച്ചന്റെ അനുമതിയോടെ ക്ലാസ്സ് ടീച്ചേഴ്സിനു മറ്റു ടീച്ചേഴ്സിന്റെ സഹായം തേടാവുന്നതാണ്.

3) ഈ വർഷം അതിരൂപത വിശ്വാസപരിശീലനകേന്ദ്രം പുനഃപരീക്ഷകൾ സംഘടിപ്പിക്കുന്നതല്ല. പുനഃപരീക്ഷയുടെ സാഹചര്യം ഉണ്ടാകുന്നപക്ഷം ഇടവകതലത്തിൽ നടത്താവുന്നതാണ്.

4) ഈ വർഷം അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും സ്കോളർഷിപ്പുകൾ നൽകുന്നതിനുള്ള അസൗകര്യം ഉണ്ടെന്ന് അറിയിക്കുന്നു.

5) പരീക്ഷ നടക്കുന്ന സമയത്തുള്ള കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

6) Std. X, ഡിപ്ളോമ XI & XII ക്ലാസ്സുകളിലെ കുട്ടികളുടെ ഹാജർ ശതമാനവും ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്കും, etc. ഇടവകതലത്തിൽ (ഓൺലൈനിൽ) caticorp-ൽ രേഖപ്പെടുത്താൻ 2021 ജനുവരി 2 മുതൽ caticorp unlock ചെയ്യുന്നതാണ്.

7) കോവിഡ് സാഹചര്യത്തിൽ ഈ വർഷം ഡിപ്ളോമക്കാർക്ക് വേണ്ടി റെസിഡൻഷ്യൽ കോഴ്സ് ഉണ്ടായിരിക്കുന്നതല്ല. പരീക്ഷകളും activities ഉം ഇടവകയിലാണ് attend ചെയ്യേണ്ടത്.

## കാറ്റിക്കിസം കുട്ടികൾക്കുള്ള തുടർപ്രോഗ്രാമുകൾ

**ജനുവരി 10 & 17 ഓൺലൈനിൽ, 10.30 a.m.**

- മികവ് - ഭാവിയിലെ മികച്ച സാധ്യതകളിലേയ്ക്ക് ഒരെത്തിനോട്ടം - 9, 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള കരിയർ ഗൈഡൻസ് ക്ലാസ്സ്
- Know Thyself: 6, 7, 8 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ലൈംഗിക ബോധവൽക്കരണ ഓൺലൈൻ ക്ലാസ്സ്
- നീർച്ചാലുകൾ: 4, 5 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള കുമ്പസാരം, കുർബ്ബാന ഓലൈൻ പഠനക്ലാസ്സ്
- KidCat: I, II & III: ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പാഠങ്ങൾ (നല്ല ശീലങ്ങൾ)

**ജനുവരി 24**

- Std. X, XI & XII ക്ലാസ്സുകാർക്ക് : പരീക്ഷയ്ക്കുള്ള ഒരുക്കം - (സാധ്യതാചോദ്യങ്ങൾ Online-ൽ/Catechism Office-ൽ നിന്നും നൽകുന്നതാണ്)
- Std. I - IX Revision ക്ലാസ്സ്: അദ്ധ്യാപകർ നേരിട്ടോ സോഷ്യൽ മീഡിയ ഉപയോഗിച്ചോ കുട്ടികളുമായി Contact ചെയ്യുന്നു.

**ജനുവരി 31**

- പരീക്ഷ Std. X (Time 10.30 a.m.)
- ഡിപ്ളോമ XI (Time 2 p.m.)
- ഡിപ്ളോമ XII (Time 4 p.m.)
- Std. I - IX Revision ക്ലാസ്സ്: അദ്ധ്യാപകർ നേരിട്ടോ സോഷ്യൽ മീഡിയ ഉപയോഗിച്ചോ കുട്ടികളുമായി Contact ചെയ്യുന്നു.

**ഫെബ്രുവരി 07**

- ഡിപ്ളോമ XII ക്ലാസ്സുകാർക്ക് വിശ്വാസപ്രഖ്യാപന ദിനം
- Std. I - IX Revision ക്ലാസ്സ്: അദ്ധ്യാപകർ നേരിട്ടോ സോഷ്യൽ മീഡിയ ഉപയോഗിച്ചോ കുട്ടികളുമായി Contact ചെയ്യുന്നു.

**ഏവൻഗെലിയോൻ മെഗാ ഗോസ്പൽ ക്വിസ്**

നാല് സുവിശേഷങ്ങളെ ആഴത്തിൽ അറിയുവാനും പഠിക്കുവാനും സഹായിക്കുന്ന പുതുമകൾ ഏറെയുള്ള ക്വിസ്സ് പ്രോഗ്രാം. ഡിസംബർ 5-ാം തീയതി വി. മർക്കോസിന്റെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള ആദ്യത്തെ എപ്പിസോഡ് കഴിഞ്ഞു. അതിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് സമ്മാനർഹരായവർക്ക് അഭിനന്ദനങ്ങൾ. അവരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. **Ann Merin Davis Puthenpurackal**
   St. Mary's Forane Church, Kanjoor — **1st Prize Rs. 1001**

2. **Christin Vincent Pazhukunnel**
   Little Flower Church, Elamkulam — **2nd Prize Rs. 701**

3. **Angel Maria Shaji Mavunkal**
   St. John the Baptist Church, South Paravoor — **3rd Prize Rs. 501**

ഏവൻഗെലിയോൻ മെഗാ ഗോസ്പൽ ക്വിസിന്റെ വിവരങ്ങൾ മിസ്സത്തിലൂടെ (ഡിസംബർ, പേജ് 33-35) നൽകിയിട്ടുണ്ട്, ശ്രദ്ധിക്കുമല്ലോ.

**ക്വിസ് നടക്കുന്നത് ശനിയാഴ്ച വൈകിട്ട് 8.00 മണിക്ക് ആയിരിക്കും. തീയതികൾ താഴെ ചേർക്കുന്നു:**

| തീയതി | | സുവിശേഷം | പ്രോഗ്രാം |
|---|---|---|---|
| ജനുവരി 9 | Episode- 2 | വി. മത്തായി | ക്വിസ് |
| ജനുവരി 16 | Episode- 2 | വി. മത്തായി | ഉത്തരങ്ങൾ |
| ഫെബ്രുവരി 6 | Episode- 3 | വി. ലൂക്കാ | ക്വിസ് |
| ഫെബ്രുവരി 13 | Episode- 3 | വി. ലൂക്കാ | ഉത്തരങ്ങൾ |

## ക്രിസ്മസ് വചനവിരുന്ന്

അതിരൂപത വിശ്വാസപരിശീലനവിഭാഗത്തിന്റെ catechismernakulam എന്ന YouTube Channel -ൽ ഡിസംബർ 1-ാം തീയതി മുതൽ 25-ാം തീയതിവരെ ഓരോ ദിവസത്തേയും സുവിശേഷ - ലേഖന വായനകളെ ആസ്പദമാക്കി വചനവിചിന്തനം പങ്കുവച്ചത് 25 അഭിവന്ദ്യപിതാക്കന്മാരാണ്. 'പുൽക്കൂട്ടിലേയ്ക്ക് ഒരു യാത്ര' ഉണ്ണീശോയിലേയ്ക്കുള്ള ഒരു തീർത്ഥയാത്രയാക്കിയ 'ഗുരുമൊഴികൾ' അപൂർവ്വ അനുഭവമാണ്. ആദരവോടെ, അഭിമാനത്തോടെ, അഭിവന്ദ്യപിതാക്കന്മാർക്ക് നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

## ഉണ്ണീശോയ്ക്ക് ഒരു സമ്മാനം

ക്രിസ്മസിന് ഭവനങ്ങളിൽ നിർമ്മിക്കുന്ന പുൽക്കൂട്ടിൽ ഉണ്ണീശോയ്ക്ക് സമർപ്പിക്കുവാനുള്ള 25 സമ്മാനങ്ങൾ ഉണ്ടാക്കുവാൻ പഠിപ്പിക്കുന്ന വീഡിയോ പ്രോഗ്രാം. ഓരോ സമ്മാനവും ഉണ്ടാക്കുന്ന വിധവും അത് നിർമ്മിക്കുമ്പോൾ ചൊല്ലേണ്ട വചനവും സുകൃതജപവും പറഞ്ഞുകൊടുക്കുന്ന വീഡിയോകൾ ഡിസംബർ 1-ാം തീയതി മുതൽ 25-ാം തീയതി വരെ catechismernakulam എന്ന YouTube Channel -ൽ സംപ്രേഷണം ചെയ്തു. ഈ പ്രോഗ്രാമിന് സഹായിച്ച എല്ലാവരേയും പ്രത്യേകിച്ച് എറണാകുളം എഫ്.സി.സി. തിരുഹൃദയ പ്രൊവിൻസിലെ പ്രൊവിൻഷ്യാളിനും സഹായിച്ച റവ. സി. ടെമി ടോം, ജൂനിയർ സിസ്റ്റേഴ്സ്, പോസ്റ്റുലൻസ്, ആസ്പിരൻസ് എന്നിവർക്ക് നന്ദിയും കടപ്പാടും അറിയിക്കുന്നു.

**അഭിമാനകരം**

ഡിപ്ളോമ XI, XII കുട്ടികൾക്കുവേണ്ടി റിവിഷൻ ക്ലാസ്സുകൾ നയിച്ചത് 2018-2019 ൽ ഡിപ്ളോമ പാസ്സായ കുട്ടികളാണ്. ഡിപ്ളോമ കഴിഞ്ഞ കുട്ടികളെ വിശ്വാസപരിശീലനരംഗത്തേയ്ക്ക് ആകർഷിക്കുവാൻ കഴിയുന്നതിനുള്ള പ്രചോദനം നൽകുക എന്നതായിരുന്നു ഇതിന്റെ പിന്നിലുള്ള ലക്ഷ്യം.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

---

## ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## 2021 January - February

### Marriage Orientation Programme (MOP)

| | | | |
|---|---|---|---|
| Jan 01-02 | Jan 08-09 | Jan 12-13 | Jan 15-16 |
| Jan 22-23 | Jan 26-27 | Jan 29-30 | |
| Feb 05-06 | Feb 09-10 | Feb 12 -13 | Feb 19 -20 |
| Feb 23 -24 | Feb 26 - 27 | | |

## നിറവ്

എട്ടാമത് ദമ്പതി കോൺഫറൻസിന്റെ സ്ത്രീ പുരുഷ പൂരകത്വം ദാമ്പത്യ ശ്രേഷ്ഠതയ്ക്ക് എന്ന വിഷയത്തെ ആസ്പതമാക്കിക്കൊണ്ട് അതിരൂപത കുടുംബ പ്രേഷിതകേന്ദ്രം ദമ്പതികൾക്കായി ഒരു പരി ശീലന പരിപാടി നിറവ് എന്ന പേരിൽ ആരംഭിക്കുന്നു. സ്ത്രീ പുരുഷ വ്യത്യസ്ഥതകളെ ദൈവീക ചൈതന്യത്തിൽ ആഘോഷമാക്കുക, പങ്കാളിയുടെ കുറവുകളെ നിറവുകളാക്കി ഉയർത്തി ദാമ്പത്യ ശ്രേഷ്ഠ തയിലൂടെ കുടുംബങ്ങളെ വാർത്തെടുക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തപ്പെടുന്ന ഈ പരിപാടിയിൽ വിവാഹത്തിന്റെ ആദ്യകാലഘട്ടം തൊട്ട് 25 വർഷം വരെ പൂർത്തീകരിച്ചിട്ടുള്ള 50 മുതൽ 75 ദമ്പതി കളെയാണ് പ്രതീക്ഷിക്കുന്നത്.

ഇടവകകൾ കേന്ദ്രീകരിച്ച് 3 മണിക്കൂർ നീണ്ടു നിൽക്കുന്ന ഈ പരിപാടി 2021 ജനുവരി മുതൽ ഓൺലൈൻ വഴി നടത്തപ്പെടുന്നതാണ്. താല്പര്യമുള്ള ഇടവകകൾ കുടുംബ പ്രേഷിതകേന്ദ്രവുമായി ബന്ധപ്പെടുക. (9961332869 റൂബി ചെറിയാൻ)

### ഓൺലൈൻ ദമ്പതിധ്യാനം

ദാമ്പത്യ ബന്ധങ്ങളെ ആഴപ്പെടുത്തുന്നതിന് സഹായകരമാകുന്നതിനു വേണ്ടി അതിരൂപത കുടുംബ പ്രേഷിതകേന്ദ്രം എല്ലാ മാസവും മൂന്നാമത്തെ വെള്ളി ശനി ഞായർ ദിവസങ്ങളിൽ വൈകുന്നേരം 6.00 മണി മുതൽ 9.00 മണി വരെ ഓൺലൈൻ ആയി ദമ്പതി ധ്യാനം നടത്തുന്നു. പങ്കെടുക്കുന്നതിന് താല്പര്യമുള്ള ദമ്പതികൾ ബന്ധപ്പെടുക - 9446335441

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

## അതിരൂപതാ കെ. സി. വൈ. എം.

ബഹുമാനപ്പെട്ട അച്ചന്മാരേ, സിസ്റ്റേഴ്സ്, കെ.സി.വൈ.എം. അംഗങ്ങളേ,

കൊറോണ വ്യാപന പ്രതിസന്ധി മൂലം 2020 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നടത്താൻ സാധിക്കാതിരുന്ന ഇടവക യൂണിറ്റ്, ഫൊറോന, അതിരൂപത സമിതികളുടെ ഇലക്ഷൻ അതിരൂപത കച്ചേരിയുടെ നിർദ്ദേശപ്രകാരം 2021 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. പുതിയ സമിതിയുടെ കാലാവധി 2022 ഡിസംബർ വരെ ആയിരിക്കും. അതിരൂപതാതല ഇലക്ഷൻ 2021 മാർച്ച് 21 -ന് നടത്തപ്പെടും. 2021 ഫെബ്രുവരി 21 മുതൽ മാർച്ച് 14 വരെ ഫൊറോന ഇലക്ഷനുകളും നടത്തപ്പെടും.

യൂണിറ്റ് ഇലക്ഷൻ, ഇടവക വികാരിയുമായി ആലോചിച്ചു നടത്തിയതിനുശേഷം, 2021 ഫെബ്രുവരി 21 നു മുൻപായി യൂണിറ്റ് അഫിലിയേഷൻ ഫോം, ഫൊറോന ഭാരവാഹികൾ വഴി അതിരൂപത സമിതിയെ ഏല്പിക്കേണ്ടതാണ്.

ഫാ. സുരേഷ് മൽപ്പാൻ
ഡയറക്ടർ

## സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

SAHRUDAYA

### തെരുവിലലയുന്നവർക്ക് സ്നേഹസമ്മാനം

തെരുവിൽ കഴിയുന്നവർക്കും അഗതിമന്ദിരങ്ങളിലുള്ളവർക്കും ഭക്ഷണവും ക്രിസ്മസ് സമ്മാനവുമായി ക്രിസ്മസ് ദിനത്തിൽ സഹൃദയ സമരിറ്റൻസ് സ്നേഹ സമ്മാനം പദ്ധതി ഒരുക്കി. കൊച്ചി സിറ്റി പോലീസും സഹകാരികളായി. 500 ഭക്ഷണപ്പൊതികളാണ് വിതരണം ചെയ്തത്.

### സഹൃദയ ഹെയർ ബാങ്ക്

കാൻസർ രോഗത്തിനുള്ള റേഡിയേഷൻ ചികിത്സ മൂലം മുടി കൊഴിയുന്നവർക്ക് സൗജന്യമായി വിഗ് നൽകുക എന്ന ലക്ഷ്യത്തോടെ സഹൃദയ ഹെയർ ബാങ്ക് പദ്ധതിക്ക് തുടക്കമായി. എഴുപുന്ന സെന്റ് റാഫേൽസ് ഇടവക വിശ്വാസ പരിശീലന വിഭാഗത്തിന്റെയും സെന്റ് റാഫേൽ ഹയർ സെക്കണ്ടറി സ്കൂളിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച ഉദ്ഘാടന സമ്മേളനത്തിൽ യുവതീയുവാക്കളും വിദ്യാർത്ഥികളും ഉൾപ്പടെ നൂറിലേറെ പേർ ആദ്യദിനത്തിൽ കേശദാനംനിർവഹിച്ചു.

### പ്രവാസിദിനാചരണം

അന്തർദേശീയ പ്രവാസിദിനത്തിൽ കുടിയേറ്റത്തൊഴിലാളികൾക്ക് ശുചിത്വപാലന കിറ്റുകളുടെ വിതരണവും ആരോഗ്യബോധവത്കരണവും മെഡിക്കൽ ക്യാമ്പും സഹൃദയ സംഘടിപ്പിച്ചു. എറണാകുളം വാത്തുരുത്തിയിൽ സംഘടിപ്പിച്ച പരിപാടിയിൽ പ്രവാസി ബന്ധിക്ലിനിലിന്റെ ആഭിമുഖ്യത്തിലാണ് മെഡിക്കൽ ക്യാമ്പ് നടത്തിയത്.

### കാർട്ടൂൺ ശില്പശാല

ഭിന്നശേഷിയുള്ളവർക്ക് ഗതാഗതസൗകര്യങ്ങളും ഓഫീസുകളും ആരാധനാലയങ്ങളും പ്രാപ്യമാക്കുന്നതുൾപ്പടെയുള്ള ആവശ്യങ്ങൾ കാർട്ടൂൺ രൂപത്തിൽ സമൂഹശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഭിന്നശേഷിയുള്ള കലാകാരന്മാർക്കായി കാർട്ടൂൺ ശില്പശാല സംഘടിപ്പിച്ചു. സഹൃദയയിൽ സംഘടിപ്പിച്ച പരിപാടിയിൽ 27 കലാകാരൻമാർ പങ്കെടുത്ത് ചിത്രങ്ങൾ അവതരിപ്പിച്ചു.

### ഹെൽത്ത് ആൻഡ് കെയർ

നാടൻ ധാന്യപ്പൊടികൾ, കറിപ്പൊടികൾ, പലഹാരങ്ങൾ തുടങ്ങി ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുന്നതിന് സഹായകരമായ

വിഭവങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ഹെൽത്ത് ആൻഡ് കെയർ പദ്ധതി വിജയകരമായി മുന്നേറുന്നു. സഹൃദയ പ്രവർത്തകർ വഴി ഓർഡർ അനുസരിച്ച് ഹെൽത്ത് ആൻഡ് കെയർ വിഭവങ്ങൾ ഇടവകകളിൽ എത്തിച്ചുതരുന്നതാണ്.

## എബിലിറ്റി ഫെസ്റ്റ്

ഭിന്നശേഷിദിനത്തോടനുബന്ധിച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുള്ള എബിലിറ്റി ഫെസ്റ്റ് ആചരണം പൊന്നുരുന്നിയിലും പറവൂരും സംഘടിപ്പിച്ചു. ഭിന്നശേഷിക്കാരുടെ കൂട്ടായ്മകൾ തയ്യാറാക്കിയ അവകാശപത്രിക യോഗത്തിൽ സമർപ്പിച്ചു.

## ഫൊറോനാ ഡയറക്ടർമാരുടെ യോഗം

സഹൃദയ ഫൊറോനാ ഡയറക്ടർമാരുടെ യോഗം പൊന്നുരുന്നിയിൽ നടത്തി. നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തി, ഭാവി പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി.

## സഹൃദയ ടെക്ക്

പാലക്കാട് ജില്ലയിൽ കൊല്ലംകോട്, കുഴൽമന്ദം ബ്ലോക്കുകളിൽ കൃഷി വകുപ്പിന്റെ സഹകരണത്തോടെ ബയോഗ്യാസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിന് സഹൃദയ ടെക്കിന് അംഗീകാരം ലഭിച്ചു.

## വി റിംഗ് ദി ബെൽ ക്യാമ്പയിൻ

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ സാധാരണ വിദ്യാലയ സാഹചര്യങ്ങളിലേക്ക് ഉൾച്ചേർക്കുകയും സാധാരണ വിദ്യാർത്ഥികളുമായി ഇടപഴകുകയും ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന വി റിംഗ് ദി ബെൽ പരിപാടി ചമ്പക്കര സ്കൂളിൽ സംഘടിപ്പിച്ചു.

## ക്രിസ്തുമസ് കേക്ക് വിതരണം

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ നടപ്പാക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായി എറണാകുളം ജനറൽ ആശുപത്രിയിലെ കാൻസർ രോഗികൾക്ക് ക്രിസ്മസ് കേക്കുകളും ഹൈജീൻ കിറ്റുകളും വിതരണം ചെയ്തു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# Dept. of Bible Apostolate

## ബൈബിൾ പാരായണ മാസാചരണം

ബൈബിൾ പാരായണ മാസാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ഡിസംബർ 1-ാം തീയതി അരമന ചാപ്പലിൽ വച്ച് വചന പ്രതിഷ്ഠയും വചന ശുശ്രൂഷയും നടത്തി ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് നിർവഹിച്ചു. അതിരൂപതയിലെ ഇട വകകളിലും സന്യാസഭവനങ്ങളിലും കുടുംബങ്ങളിലും പഞ്ചഗ്ര ന്ഥിയും സുവിശേഷങ്ങളും പ്രാർത്ഥനാപൂർവ്വം വായിക്കുകയുണ്ടാ യി. കുടുംബ യൂണിറ്റുകളുടെയും കരിസ്മാറ്റിക് മൂവ്മെന്റുകളു ടെയും നേതൃത്വത്തിൽ ഓൺലൈനിലൂടെ നിശ്ചിത വചനഭാഗ ങ്ങളുടെ വായനയും അഖണ്ഡ ബൈബിൾ പാരായണവും നട ത്തി.

ഓരോ ദിവസത്തെയും വചനഭാഗങ്ങളെ പരിചയപ്പെടുത്തുന്ന ലഘു വീഡിയോകൾ തയ്യാറാക്കി അതിരൂപതാ ബൈബിൾ അപ്പ സ്തോലേറ്റിന്റെ 'വചനം' എന്ന യുട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്തു. വീഡിയോകൾക്കായി ആമുഖക്കുറിപ്പുകൾ തയ്യാറാക്കി യത് റവ. ഡോ. ജോസഫ് മണവാളൻ, റവ.ഡോ. ജോഷി പുതു ശ്ശേരി എന്നിവരാണ്. ഫാ. എബി ഇടശ്ശേരി, ടാനു ജോൺ എന്നി വർ ശബ്ദം നൽകുകയും ജിനു ജോസഫ് എഡിറ്റിംഗ് നിർവ്വഹി ക്കുകയും ചെയ്തു. ബൈബിൾ അപ്പസ്തോലേറ്റ് ഫൊറോന ഡയ റക്ടർമാർ, ഇടവക വികാരിമാർ, സന്യാസിനികൾ, കുടുംബ യൂണിറ്റു വിഭാഗം എന്നിവരുടെ സഹകരണത്തോടെ നവമാധ്യമ ങ്ങളിലൂടെ ഈ വീഡിയോകൾ ജനങ്ങളിലേക്കെത്തിച്ചു. ബൈബിൾ പാരായണ മാസാചരണ പരിപാടികൾ ഫലപ്രദമാക്കാൻ സഹക രിച്ച എല്ലാവർക്കും സ്നേഹപൂർവ്വം നന്ദിയർപ്പിക്കുന്നു.

## ലോഗോസ് ക്വിസ് രജിസ്ട്രേഷൻ

കോവിഡ്-19 മൂലം ലോഗോസ് ക്വിസ് പരീക്ഷ നീട്ടിവച്ചിരിക്കുന്നതിനാൽ ലോഗോസ് ക്വിസ് രജിസ്ട്രേഷന് ഇനിയും സൗകര്യമുണ്ട്. പി.ഒ.സി. യിൽ നിന്നും ലഭിച്ചിരിക്കുന്ന അറിയിപ്പ് അനുസരിച്ച് **2021 ജനുവരി 31-ാം** തീയതി വരെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഈ സൗകര്യം ഉപയോഗപ്പെടുത്തുകയും കൂടുതൽ പേരെ ഈ വചനപഠന പ്രക്രിയയിൽ പങ്കാളികളാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## നവംബർ 2020

2 ആന്റണി കരിയിൽ പിതാവ് രാവിലെ എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്ക സെമിത്തേരി ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. പൊങ്ങം നൈപുണ്യ കോളേജിന്റെ അദ്ധ്യയനവർഷാരംഭം ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ്, മലയാറ്റൂർ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അദ്ധ്യയനവർഷാരംഭം ഉദ്ഘാടനം ചെയ്തു.

6 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് അതിരൂപതാ വൈദികരുടെ ഓൺലൈൻ വാർഷികധ്യാനത്തിന്റെ ആദ്യ ബാച്ചിലെ വൈദികർക്ക് സന്ദേശം നൽകി.

7 ആന്റണി കരിയിൽ പിതാവ് രാവിലെ ദേവഗിരി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ബ. ഡീക്കൻ സിന്റോ വടക്കുംപാടന് ISCH ന് വൈദികപട്ടം നൽകി.

13 ആന്റണി കരിയിൽ പിതാവ് രാവിലെ ദീപിക അപ്പെക്സ്ബോഡി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ വൈദികരുടെ ഓൺലൈൻ വാർഷികധ്യാനത്തിന്റെ രണ്ടാം ബാച്ചിലെ വൈദികർക്ക് സന്ദേശം നൽകി.

16 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് കെ.സി.ബി.സി. എഡ്യുക്കേഷൻ കൗൺസിലിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

17 ആന്റണി കരിയിൽ പിതാവ് രാവിലെ ഈ വർഷം വൈദികപട്ടം സ്വീകരിക്കുന്ന ഡീക്കന്മാരും അവരുടെ മാതാപിതാക്കളുമായി അരമനയിൽ കൂടിക്കാഴ്ച നടത്തി.

19 ആന്റണി കരിയിൽ പിതാവ് രാവിലെ അരമനയിൽ നടന്ന കൺസൾട്ടേഴ്സ് ബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

20 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് അതിരൂപതാ വൈദികരുടെ ഓൺലൈൻ വാർഷികധ്യാനത്തിന്റെ മൂന്നാം ബാച്ചിലെ വൈദികർക്ക് സന്ദേശം നൽകി.

21 ആന്റണി കരിയിൽ പിതാവ് രാവിലെ ഏഴാറ്റുമുഖം സെന്റ് തോമസ് പള്ളിയിൽ ബ. ഡീക്കൻ തോമസ് കടയിലാൻ IScH ന് വൈദികപട്ടം നൽകി. ഉച്ചകഴിഞ്ഞ് ചൂണ്ടി ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ അഡ്വൈസറി ബോഡ് ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

22 ആന്റണി കരിയിൽ പിതാവ് രാവിലെ അരമന ചാപ്പലിൽ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട 'വിവാഹോത്സവ'ത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച്, വചനസന്ദേശം നൽകി.

23 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന ഫിനാൻസ് കൗൺസിലിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

25 ജോർജ് ആലഞ്ചേരി പിതാവ് കെ. സി. ബി. സി., എസ്. സി./എസ്. ടി./ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ടാലന്റ്സ് അക്കാദമി മൗണ്ട് സെൻറ് തോമസിൽ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ അധ്യയനവർഷം റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കു സീറോമലബാർ ദളിത് വികസിന്റെ നേതൃത്വത്തിൽ സമ്മാനങ്ങൾ നൽകി.

ആന്റണി കരിയിൽ പിതാവ് രാവിലെ ചേർത്തല ലിസ്യൂനഗർ പള്ളിയിൽ ബ. ഡീക്കൻ പോൾ നടയ്ക്കൽ OFM Cap ന് വൈദികപട്ടം നൽകി. ഉച്ചകഴിഞ്ഞ് വാരണം സെന്റ് ജോസഫ് ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിച്ചു.

26 ജോർജ് ആലഞ്ചേരി പിതാവ് സീറോ മലബാർ സഭാ പിതാക്കന്മാരുടെ ഓൺലൈൻ മാസധ്യാനത്തിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് രാവിലെ അരമനയിൽ നടന്ന വൈദികസമിതി യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. വൈകിട്ട് അരമനയിൽ ടുറ രൂപതയുടെ പുതിയ സഹായ മെത്രാൻ മാർ ജോസ് ചിറയ്ക്കൽ അയിരൂക്കാരൻ പിതാവിന് സ്വീകരണം നൽകി.

27 ജോർജ് ആലഞ്ചേരി പിതാവ് ഫാ. സ്റ്റാൻ സ്വാമി എസ്.ജെ. യുടെ മോചനം സംബന്ധിച്ച് എസ്.ജെ. കോഴിക്കോട് പ്രൊവിൻസ് സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. മൗണ്ട് സെൻറ് തോമസിൽ നടന്ന സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റ് റിട്ടേണീസ് ഫോറത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

28 ജോർജ് ആലഞ്ചേരി പിതാവ് മംഗലപ്പുഴ സെമിനാരിയിൽ വച്ചു നടന്ന ആലുവ പൊന്തിഫിക്കൽ സെമിനാരിയുടെ ഹയർ അക്കാഡമിക് കൗൺസിലിനു ആദ്ധ്യക്ഷ്യം വഹിച്ചു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് എറണാകുളം അരമനയിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ എക്സി ക്യൂട്ടീവ് യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

30 ജോർജ് ആലഞ്ചേരി പിതാവ് പെർമനന്റ് സിനഡ് അംഗ ങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തി.

## ഡിസംബർ 2020

1 ജോർജ് ആലഞ്ചേരി പിതാവ് കേരള കാത്തലിക്ക് കൗൺസിൽ കെ. സി. ബി. സി. മെത്രാൻ സമിതിയുമായി നടത്തിയ ഓൺലൈൻ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

ആന്റണി കരിയിൽ പിതാവ് രാവിലെ അരമന ചാപ്പലിൽ വച്ചു ബൈബിൾ അപ്പോസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടന്ന 'ബൈബിൾ പാരായണ മാസാചരണം' ഉദ്ഘാടനം ചെയ്തു.

1 – 4 ജോർജ് ആലഞ്ചേരി പിതാവ് കെ.സി.ബി.സി. ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് കെ.സി.ബി.സി. ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

2 ജോർജ് ആലഞ്ചേരി പിതാവ് ആരാധനാക്രമ സമിതിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

4 ജോർജ് ആലഞ്ചേരി പിതാവ് റോമിലെ പൊന്തിഫിക്കൽ കൗൺസിൽ ഫോർ ക്രിസ്ത്യൻ യൂണിറ്റി സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് അതിരൂപതാ വൈദികരുടെ ഓൺലൈൻ വാർഷികധ്യാനത്തിന്റെ നാലാം ബാച്ചിലെ വൈദികർക്ക് സന്ദേശം നൽകി.

5 ജോർജ് ആലഞ്ചേരി പിതാവ് വിശുദ്ധ എവുപ്രാസ്യാമ്മയുടെ കബറിടം സന്ദർശിച്ചു. എ.കെ.സി.സി. പ്രതിനിധി സമ്മേളനത്തിൽ പങ്കെടുത്തു. LEAP പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

ആന്റണി കരിയിൽ പിതാവ് വൈകിട്ട് അരമനയിൽ വച്ച്, സഹൃദയ വെൽഫെയർ സർവീസിന്റെ നേതൃത്വത്തിൽ നടന്ന 'സഹൃദയ സമരിറ്റൻസി'ന്റെ 'വോളന്റിയേഴ്സ് ഡേ' യോഗത്തിൽ വോളന്റിയേഴ്സിനെ ആദരിക്കുകയും ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

7 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെൻറ് തോമസിൽ നടന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് എഴുപുന്ന സെന്റ് റാഫേൽ പള്ളി സന്ദർശിച്ച് അവിടത്തെ പ്രവർത്തനങ്ങളെക്കുറിച്ചും സ്ഥലസംബന്ധമായ പ്രശ്നങ്ങളെക്കുറിച്ചും അന്വേഷിച്ചു.

8 ജോർജ് ആലഞ്ചേരി പിതാവ് കാഞ്ഞിരപ്പള്ളി സെൻറ് മേരീസ് ദേവാലയം (അക്കരപ്പള്ളി) മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തി.

9 ജോർജ് ആലഞ്ചേരി പിതാവ് ആരാധനാക്രമ സമിതിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. കെ.സി.ബി.സി. കേരള ലേബർ മൂവ്മെൻറ് അംഗങ്ങളുമായി ഓൺലൈൻ മീറ്റിംഗ് നടത്തി.

ആന്റണി കരിയിൽ പിതാവ് രാവിലെ അരമനയിൽ വച്ചു നടന്ന കൺസൾട്ടേഴ്സ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് കെ.സി.ബി.സി. ലേബർ കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് എറണാകുളം ബസിലിക്കയിൽ മാർ ലൂയിസ് പഴേപറമ്പിൽ പിതാവിന്റെ 101-ാം ചരമവാർഷികത്തോട് അനുബന്ധിച്ച് വി കുർബാന അർപ്പിച്ചു.

11 ജോർജ് ആലഞ്ചേരി പിതാവ്, മിസോറം ഗവർണർ പി. എസ്. ശ്രീധരൻ പിള്ള എഴുതിയ *ജസ്റ്റീസ് ഫോർ ഓൾ പ്രെജുഡീസ് റ്റു നൺ* എന്ന പുസ്തകത്തിന്റെ പ്രകാശനം തിരുവന്തപുരം കേരള രാജ്ഭവനിൽ വച്ച് നടത്തി. തിരുവന്തപുരം കവടിയാർ പാലസിൽ പൂയം തിരുനാൾ ഗൗരി പാർവതി തമ്പുരാട്ടിയെ സന്ദർശിച്ചു.

13 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് ഫാമിലി അപ്പോസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടന്ന ഗ്രേസ് റിപ്പിൾസ് ആനുവൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു.

14 ജോർജ് ആലഞ്ചേരി പിതാവ് വൊക്കേഷൻ പ്രൊമോട്ടേഴ്സ് ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

15 ജോർജ് ആലഞ്ചേരി പിതാവ് ചരിത്ര സമിതിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

16 ജോർജ് ആലഞ്ചേരി പിതാവ് ആരാധനാക്രമ സമിതിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. ഓൺലൈൻ പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

17-18 ആന്റണി കരിയിൽ പിതാവ് വൈകിട്ട് കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ സെമിനാരി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

18 ജോർജ് ആലഞ്ചേരി പിതാവ് സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തൊടുപുഴ സംഘടിപ്പിച്ച ഓൺലൈൻ ക്രിസ്തുമസ് മീറ്റിംഗിൽ പങ്കെടുത്തു.ഈ

വർഷം പൗരോഹിത്യം സ്വീകരിക്കുന്ന എറണാകുളം-അങ്കമാലി അതിരൂപതയിലെ ഡീക്കന്മാരെ മൗണ്ട് സെൻറ് തോമസിൽ സ്വീകരിച്ചു. ദുബായ് സീറോമലബാർ സമൂഹത്തിനുവേണ്ടി വി.കുർബാന അർപ്പിച്ച്, ഓൺലൈൻ ക്രിസ്മസ് മീറ്റിംഗിൽ സന്ദേശം നൽകുകയും ചെയ്തു.

20 ജോർജ് ആലഞ്ചേരി പിതാവ് യുണൈറ്റഡ് ക്രിസ്ത്യൻ പ്രെയർ ഫോർ ഇന്ത്യ കേരള ചാപ്റ്റർ സംഘടിപ്പിച്ച ഓൺലൈൻ ക്രിസ്മസ് മീറ്റിംഗിൽ സന്ദേശം നൽകി.

* * * * *


2021
HAPPY NEW YEAR


Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.01.2021

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




## Prayer to St. Joseph

*"Glorious Patriarch Saint Joseph,*
*whose power makes the impossible possible,*
*come to my aid in these times of anguish and difficulty.*
*Take under your protection the serious and troubling situations*
*that I commend to you,*
*that they may have a happy outcome.*
*My beloved father, all my trust is in you.*
*Let it not be said that I invoked you in vain,*
*and since you can do everything with Jesus and Mary,*
*show me that your goodness is as great as your power. Amen."*

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Fr. Varghese Perumayan